WATCHMAN

# ജാമക്കാരൻ

കാവൽക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



**കർത്താവിൽ പ്രിയ ജാമക്കാരൻ വായനക്കാർക്ക് എന്റെ ആശംസകൾ**

ഈ പുതിയ വർഷത്തിൽ നിങ്ങളുടെ ചിന്തയ്ക്കായി ചില ആലോചനകൾ നൽകാൻ ഞാൻ താല്പര്യപ്പെടുന്നു.

എല്ലാ വർഷാരംഭത്തിലും ചില **സ്റ്റാർ ദൈവവേലക്കാരും പ്രാർത്ഥനയിൽ വ്യാജ പ്രവചനങ്ങൾ** പറയുന്നവരും, പല സഭാ **പാസ്റ്റർമാരും, സി.എസ്.ഐ, ലൂഥറൻ** അച്ചന്മാരും വ്യത്യസ്തമായ പുതുവർഷ **വാഗ്ദത്ത വചനങ്ങൾ** തയ്യാറാക്കി അച്ചടിച്ചു ജനങ്ങൾക്ക് കൊടുക്കുകയും, അതു ജനങ്ങൾ വളരെ ഭയഭക്തിയോടെകൊണ്ടു പോകുന്നതുമായ പരിതാപകരമായ കാഴ്ച നാം ഓരോ വർഷവും കാണുന്നല്ലോ. ആ വാഗ്ദത്ത വചനത്തെ ദൈവം തനിക്കു പ്രാർത്ഥനയിൽ കാണിച്ചു തന്നതായും മറ്റു ചിലർ കർത്താവു പറയാൻ പറഞ്ഞതായും, സഭാആരാധനയിൽ പറഞ്ഞു, കർത്താവു നല്കിയ വാഗ്ദത്ത വചനം എല്ലാവരും വാങ്ങിയ ശേഷം രണ്ടു കൈകളും ഉയർത്തി **ഹല്ലേലൂയാ** എന്നു പാസ്റ്റർ പറയിയ്ക്കുമ്പോൾ ജനങ്ങൾ വികാരാവേശത്തിൽ **ഹല്ലേലൂയാ** പറയുന്ന, ശബ്ദകോലാഹലം രാത്രിസമയത്തു ഉറങ്ങിക്കിടക്കുന്ന ജനങ്ങൾ ഭയന്നു എഴുന്നേൽക്കത്തക്കവണ്ണം ഞെട്ടിക്കുന്നില്ലേ?

എന്തൊരു പരിതാപകരമായ കാര്യം! വിദ്യാഭ്യാസം ഇല്ലാത്തതുമായ ജനം, ഉള്ളവരും എല്ലാവരും വികാരഭരിതരായി കൈകൾ തട്ടി, ശരീരം കുലുക്കി, വിറയ്ക്കുന്നതുപോലെ തങ്ങളെ കാണിക്കുന്നു. മരിച്ചുപോയവരുടെ ശരീരം വഹിച്ചുകൊണ്ടുപോകുന്ന ശവമഞ്ചത്തിനു മുന്നിൽ (തമിഴ്നാട്ടിൽ ഗ്രാമങ്ങളിൽ) ഗ്രാമീണർ താളമേളങ്ങളോടെയും, അതിനു തക്കവണ്ണം ആടിയും താഴെ വീണും നിലവിളിക്കുന്നതുപോലുള്ള കാഴ്ച ഇന്നു പല പെന്തക്കോസ്തു സഭകളിൽ കാണുന്നതു ക്രൈസ്തവ സഭാജനങ്ങൾ **ശവമഞ്ചത്തോടൊപ്പം** ശവക്കുഴിയിലേക്കു ശവംകൊണ്ടുപോകുമ്പോൾ ഉള്ള സാധാരണ ജനങ്ങളെപ്പോലെയായിരിക്കുന്നു എന്നതല്ലേ വിളിച്ചറിയിയ്ക്കുന്നതു.

പുതുവത്സര ആരാധനകളിൽ **വാഗ്ദത്ത വചന കാർഡുകൾ** അല്ലെങ്കിൽ **വാഗ്ദത്ത** വചനം പറയുമ്പോൾ പാതി ഉറക്കത്തിലോ പൂർണ്ണ ഉറക്കത്തിലോ ആയിരിക്കുന്നവർ എങ്ങനെയാണു മയക്കം നീങ്ങി ഉത്സാഹത്തിന്റെ ഉന്നതനിലയിലേയ്ക്കു പോകുന്നതു ഇവയെ കാണു

MARCH 2015

മ്പോൾ യഥാർത്ഥമായ വിശ്വാസിയുടെ മനസ്സിൽ വേദന അധികരിക്കുന്നു. നാളുകൾ കഴിയുന്തോറും സഭകളിലെ ഈ ആവേശവും ശബ്ദകോലാഹലങ്ങളും കൂടുന്നതല്ലാതെ കുറയുന്നില്ല. ഇതാണോ ആത്മീയത? ഞങ്ങളെപോലുള്ളവർ **സഭാജനങ്ങളെയും** വായനക്കാരെയും എത്ര ആഴമായി വേദ പാഠം പഠിപ്പിച്ചാലും വ്യക്തമായ വേദപുസ്ത സത്യം മാസികയിൽ എഴുതിയാലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചാലും അതെല്ലാം വൃഥാവായിത്തീരുന്നില്ലേ എന്നുള്ള മനസോ വേദനയോടെ ദൈവമുമ്പിൽ നിൽക്കുന്നു.

## വർഷാരംഭവാഗ്ദത്തവചനം

വർഷം തോറും **വാഗ്ദത്തവചനം** കർത്താവു നമുക്കു നൽകുമോ? അങ്ങനെ കർത്താവു തന്റെ മക്കൾക്കു വർഷംതോറും ഒരു **വചനം** കൊടുക്കുന്നതു വാസ്തവമാണെങ്കിൽ ഓരോരോ സഭയ്ക്കും വ്യത്യസ്ഥമായ വചനം കൊടുക്കുമോ? അല്ലെങ്കിൽ ഓരോരോ ദൈവവേലക്കാരനും പ്രത്യേകം പ്രത്യേകം വചനം കാണിക്കുമോ?

റ്റി.വി ഓൺ ചെയ്തു ക്രൈസ്തവ ചാലനുകൾ കാണുമ്പോൾ ഓരോ ദൈവവേലക്കാരനും പറയുന്നതു എന്താണെന്നു വച്ചാൽ ഈ വർഷം റ്റി.വി കാണുന്നവരോടു കർത്താവു പറയാൻ പറഞ്ഞതു എന്നു പറഞ്ഞു ഒരു വചനം അറിയിക്കുന്നു.

തമിഴ്നാട്ടിൽ നാലുമാവടി **മോഹൻ.സി.ലാസറസ്** ജനങ്ങളെ നാലുമാവടിയിലേക്കു ക്ഷണിക്കുന്നതു പോലെ ഈ വർഷ വാഗ്ദത്തവചനമായി കർത്താവു ഏതു വചനം പറയാൻ പോകുന്നു എന്നതു അറിയണമെങ്കിൽ പല ദൈവവേലക്കാരും അവരവരുടെ സ്ഥലങ്ങളിലേക്കു വിശ്വാസികളെ ക്ഷണിച്ചു വരുത്തുന്നു. ജനങ്ങളും ആ വചനം കർത്താവു തന്നെയാണു പറയാൻ പോകുന്നതു എന്നു വിശ്വസിച്ചു കൂട്ടമായി ബസിലോ പ്രത്യേക വാഹനത്തിലോ യാത്ര ചെയ്തു അവിടെ പോയി മണിക്കൂറുകളോളം കാത്തിരുന്നു കേട്ടിട്ടു വരുന്നു. ഈ വർഷത്തെ വാഗ്ദത്തവചനം **ഞാൻ നിന്നിൽ മഹത്വപ്പെടും** എന്നാണു **സഹോ:മോഹൻ.സി.ലാസറസ്** പറഞ്ഞത്.

ഈ വചനം 2015ലേക്കു മാത്രമാകുന്നു. 2016-ാം വർഷത്തിലേക്കു കർത്താവു വേറെ വചനം പറയുമത്രേ. കലണ്ടർ വർഷംതോറും മാറ്റുന്നതുപോലെ 2014ലെ കലണ്ടർ മാറ്റി 2015-ലെ പുതിയ കലണ്ടർ ഇടുന്നതു പോലെ വർഷാരംഭത്തിൽ ഒരു കലണ്ടർ പോലെ വർഷത്തിനു **ഒരു വചനം,** അതും ഓരോ സഭാവിഭാഗത്തിനും ഓരോ ദൈവവേലക്കാരനും ഓരോ വചനം എന്നു പറഞ്ഞാൽ അതു എത്ര മാത്രം ഭോഷത്വമായ കാര്യം, ഇതു വിശ്വസിച്ചും ജനങ്ങൾ ഓടുന്നല്ലോ?

കർത്താവു ജനങ്ങൾക്കു വർഷത്തിന്റെ ആദ്യ നാളുകളിൽ ഒരു വചനം പറയുന്നു എന്നുള്ളതു വാസ്തവമായാൽ എല്ലാ ദൈവവേലക്കാർക്കും ഒന്നുപോലെ ഒരു പ്രത്യേക വചനം അറിയിക്കേണ്ടതല്ലേ?

**യേശു വിളിക്കുന്നു** അനുയായികൾ പറയുന്നതു : **പോൾ ദിനകരൻ** മുഖാന്തിരം കർത്താവു ഞങ്ങൾക്കു ഒരു വാഗ്ദത്തവചനം തന്നിരിക്കുന്നു. അതു തന്നെ വാസ്തവമായിരിക്കും, എന്നാൽ നാലുമാവടിക്കാരോട് കർത്താവു പറഞ്ഞ വാഗ്ദത്തവചനം വ്യാജം എന്നു പറയും അല്ലെങ്കിൽ ത്രിമൂർത്തികളായ തമിഴ്നാട്ടിൽ **സാധു സെൽവരാജ്, വിൻസെന്റ് സെൽവകുമാർ, സാം ജപദുര** ഇതുപോലുള്ള ചില്ലറ പ്രവാചകന്മാരോടു പറഞ്ഞ വാഗ്ദത്തവചനം എല്ലാം വ്യാജം എന്നു ഇവർ തമ്മിൽ തമ്മിൽ പറഞ്ഞു വഴക്കു ഉണ്ടാക്കുമല്ലോ. ഏതു ദൈവവേലക്കാരൻ പറഞ്ഞതാണു **കർത്താവു പറഞ്ഞു** എന്നു സ്വീകരിക്കേണ്ടത്? തിരുനേൽവേലിയിലെ ഒരാളിന്റെ വീട്ടിൽ നിറയെ വാഗ്ദത്ത വചനകാർഡുകൾ ഭിത്തിയിൽ തൂങ്ങിക്കിടക്കുന്നതു കണ്ടു. തുണിക്കടയിൽ വസ്ത്രത്തിന്റെ അറ്റത്തു തൂക്കിയിട്ടിരിക്കുന്ന വിലവിവരംപോലെ ആ വചനകാർഡുകൾ ആയിരുന്നു. **ഇതിൽ പരസ്യം വേറെ.** ഓരോ വാഗ്ദത്ത വചനകാർഡിന്റെ അടിയിലും അതാതു ദൈവവേലക്കാരന്റെ പേരും, അഡ്രസ്സും, അതോ

ടൊപ്പം ബാങ്ക് അക്കൗണ്ട് നമ്പരും ചിലതിൽ സഭകളുടെ പേരു അച്ചടിച്ചിരുന്നു. എന്തൊരു അന്യായ മാണിത്. പുതുവർഷാരംഭ ദിവസംതന്നെ ഇപ്രകാരമുള്ള വ്യാജ ദൈവവേലക്കാരുടെയോ, അല്ലെങ്കിൽ സഭകളിലോ ജനങ്ങൾ അകപ്പെട്ടു വീർപ്പുമുട്ടുന്നു.

വർഷത്തിന്റെ ആരംഭത്തിൽ തന്നെ ക്രൈസ്തവ സഭാജനങ്ങൾ വാഗ്ദത്ത വചനങ്ങളാൽ വള രെയധികം വഞ്ചിക്കപ്പെടുന്നു. ഈ വഞ്ചന വർഷം മുഴുവനും അവരുടെ ജീവിതത്തിലും കാണപ്പെടു ന്നു. അതിനുശേഷം മക്കൾ വളർന്നാൽ കപട ദൈവവേലക്കാർ മുഖാന്തിരം വരും തലമുറകളിലേക്കും വ്യാപിക്കുന്നു.

വർഷത്തിന്റെ ആരംഭത്തിൽ തന്നെ ക്രൈസ്തവ സഭാജനങ്ങൾ വാഗ്ദത്ത വചനങ്ങളാൽ വള രെയധികം വഞ്ചിക്കപ്പെടുന്നു. ഈ വഞ്ചന വർഷം മുഴുവനും അവരുടെ ജീവിതത്തിലും കാണപ്പെടു ന്നു. അതിനുശേഷം മക്കൾ വളർന്നാൽ കപട ദൈവവേലക്കാർ മുഖാന്തിരം വരും തലമുറകളിലേക്കും വ്യാപിക്കുന്നു.

ഇങ്ങനെയുള്ള ദൈവവേലക്കാർക്കു വർഷത്തിന്റെ ആദ്യദിവസം തന്നെ നല്ല കാണിക്കവേട്ട മലപോലെ കുന്നുകൂടുന്നു. കൊള്ളയിന്മേൽ കൊള്ള.

ഇതിന്റെ അവസാനം എന്ത്? എന്നു ഇവരാരും അറിയുന്നില്ല. വാഗ്ദത്തവചനം ആ വർഷ ത്തിന്റെ വചനമായി **കർത്താവു കൊടുത്തു എന്നു പറയുന്ന വ്യാജ ദൈവവേലക്കാരാരും** സ്വർഗ്ഗ ത്തിൽ പോകുകയില്ല. തള്ളിക്കയറി കണ്ണുതുറന്നു വാഗ്ദത്തവചനം വാങ്ങിയതുകൊണ്ട് മാത്രം ആരും സ്വർഗ്ഗത്തിൽ പോവുകയില്ല. ആ വാഗ്ദത്ത വചന കാർഡ് ആരെയും സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടു പോകുകയുമില്ല.

ഇതിനെ ഞാൻ എഡിറ്റോറിയലിൽ തന്നെ എഴുതാൻ കാരണം എന്റെ ജാമക്കാരൻ വായന ക്കാരിൽ ചിലരും വാഗ്ദത്തവചനം വർഷംതോറും പ്രതീക്ഷിച്ചു വിശ്വസിക്കുന്നു എന്നു വേദനയോടെ പറയേണ്ടിയിരിക്കുന്നു.

2015 പുതിയവർഷത്തിൽ വായനക്കാരുടെ ചിന്തയ്ക്കു ഞാൻ കൊണ്ടുവരുന്നത് എന്താണെന്നു വച്ചാൽ ആവർത്തനം 11:12-ൽ ദൈവം യിസ്രായേൽ ജനത്തോടു പറഞ്ഞതു വായനക്കാരെയും ഓർമ്മ പ്പെടുത്തുന്നു. "ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിങ്ങളുടെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു." ഇതു ഞാൻ പറയുന്ന ഈ വർഷ വാഗ്ദത്തവചനം അല്ല, ഇതു പ്രവചനവുമല്ല. അതുമാത്രമല്ല എല്ലാവരും പറയുന്നതുപോലെ കർത്താവു പറയാൻ പറഞ്ഞ വചനം എന്നു പറഞ്ഞു ഞാനും അവരെപ്പോലെ **വ്യാജൻ** ആകാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ വേദ പുസ്കത്തിൽ ഉള്ള എല്ലാ വചനത്തെയും വായിച്ചു ധ്യാനിക്കുന്നതുപോലെ ഇതും ധ്യാനിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. ഈ പ്രത്യേകവചനം ഈ വർഷത്തെ **ആദ്യ ദിവസത്തിനു** വേണ്ടി മാത്രം ഉള്ളതല്ല ജീവിതകാലം മുഴുവനും നിങ്ങൾ ഇതിനെ ധ്യാനിച്ചു അതനുസരിച്ചു ജീവിക്കുന്നതിനായി പരിശുദ്ധാത്മാവു എഴുതിയ വചനമാകുന്നു. ഈ വചനം ഉൾപ്പെട്ട 11-ാം അദ്ധ്യായത്തിന്റെ ഒന്നാം വചനം വായിച്ചാൽ അതിൽ എഴുതപ്പെട്ട കർത്താവിന്റെ വ്യവസ്ഥ നിങ്ങൾ ശ്രദ്ധിക്കണം. ദൈവത്തിന്റെ വചനത്തിനു എങ്ങനെയെല്ലാം അനുസരണ കാണിച്ചാൽ വർഷാരംഭം മുതൽ വർഷാവസാനം വരെ ദൈവത്തിന്റെ കണ്ണുകൾ നിങ്ങളുടെ മേലും നിങ്ങളുടെ കുടുംബത്തിന്മേലും നിങ്ങളുടെ സഭയിലും ഉണ്ടായിരിക്കും എന്നതാണു നാം ശ്രദ്ധിക്കേണ്ടത് വാക്കു മാറാത്തവൻ താൻ പറഞ്ഞതുപോലെ പ്രവർത്തിക്കും. എന്നാൽ നമ്മുടെ കർത്താവു പറഞ്ഞ വ്യവസ്ഥകൾക്കെല്ലാം അനുസരണ കാണി ച്ചുവോ എന്ന് ഈ നാളുകളിൽ നാം നമ്മെത്തന്നെ പരിശോധിച്ചു നോക്കേണ്ടത് ആവശ്യമായിരിക്കു ന്നു. ദൈവത്തിന്റെ വാഗ്ദത്തം കഴിഞ്ഞ വർഷവും, ഈ വർഷവും ഇനി വരുന്ന കാലമെല്ലാം നമുക്കു തന്നെ അവകാശമായതാകുന്നു. കൂടാതെ ആദ്യനാളുകളിൽ മാത്രം ഈ വചനം ധ്യാനിക്കണമെന്നില്ല,

നാം ജീവിച്ചിരിക്കുന്ന എല്ലാ നാളുകളിലും അതോടൊപ്പം നാം ദൈവത്തിന്റെ മനസ്സിനെ ദുഃഖിപ്പിക്കാതിരുന്നാൽ എല്ലാ ദിവസവും എല്ലാ നിമിഷവും ദൈവം ദൃഷ്ടിവെയ്ക്കുക മാത്രമല്ല, ദൈവം തന്നെ **ഇമ്മാനുവേലായി നമ്മോടൊപ്പവും നമുക്കള്ളിലും വസിക്കും** യോഹ 14:23. എത്രമാത്രം വലിയ അനുഗ്രഹം. ഇതു മനസ്സിലാക്കിയാൽ നമുക്കു യാതൊന്നിനെക്കുറിച്ചും ഭയം തോന്നുകയില്ല; സന്തോഷത്തോടെ ജീവിക്കാം.

ലോകം, ധനം, ഭാര്യ, ഭർത്താവ്, മക്കൾ, പദവി ഇവയെ ഒന്നും തരാത്ത **സമാധാനം** കർത്താവു തീർച്ചയായും നിങ്ങൾക്കു തരും.

എന്റെ വായനക്കാർ എല്ലാം വാഗ്ദത്ത സ്പെഷ്യലിസ്റ്റ് ആയ ദൈവവേലക്കാരെ വിശ്വസിക്കാതെ വചനാനുസൃതം ജീവിക്കാൻ പഠിക്കുക. വേദപുസ്കത്തിൽ ഉള്ള എല്ലാ വചനങ്ങളും എല്ലാ ദിവസത്തേക്കും, എല്ലാ മാസത്തേക്കു, എല്ലാ വർഷത്തേക്കും അനുയോജ്യം എന്നു മനസ്സിലാക്കുക.

**നിങ്ങളുടെ ചിന്തയ്ക്കായി മറ്റൊരു വചനം :**

സുഖകാലത്തു സുഖമായിരിക്ക; അനർത്ഥ കാലത്തോ ചിന്തിച്ചു കൊൾക; മനുഷ്യൻ തന്റെ ശേഷം വരുവാനുള്ളതൊന്നും ആരാഞ്ഞറിയാതെയിരിക്കേണ്ടതിനു ദൈവം രണ്ടിനെയും ഉണ്ടാക്കിയിരിക്കുന്നു. സഭാ 7:14.

ഓരോ മനുഷ്യന്റെ ജീവിതത്തിലും ഉയർച്ചയും താഴ്ചയും ഉണ്ടു. വിശ്വാസിയും, അവിശ്വാസിയും, ജീവിത കാലത്ത് മരണം, രോഗം, ദാരിദ്ര്യം, പ്രശ്നങ്ങൾ എന്നിവ അനുഭവിച്ചേ തീരൂ.

എന്നാൽ മാനസാന്തരത്തിന്റെ (രക്ഷയുടെ) അനുഭവം പ്രാപിച്ചു യേശുക്രിസ്തുവിനെ നമ്മുടെ ഉള്ളിൽ സ്വീകരിച്ചു കഴിഞ്ഞാൽ മുകളിൽ പറഞ്ഞ ഏതാണോ കർത്താവു എനിക്കു അനുവദിക്കുന്നത് എന്നു ചോദ്യം ചോദിക്കാതെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും സഹിക്കാനും സാധിക്കും. മാത്രവുമല്ല, പ്രശ്നങ്ങളുടെ മദ്ധ്യേ ദൈവത്തെ സ്തുതിക്കാനും സാധിക്കും.

എന്നാൽ മാനസാന്തരഅനുഭവം ഇല്ലാത്തവർ പ്രശ്നങ്ങളുടെ മദ്ധ്യേ ഹൃദയം തകർന്ന് ദൈവത്തോട് വെറുപ്പുള്ളവരായിത്തീരും. വേദപുസ്തകം വായിക്കാനും. പ്രാർത്ഥിക്കാനും മനസ്സുണ്ടാകയില്ല. ചിലർ ജീവിതം തന്നെ അവസാനിപ്പിയ്ക്കുകയും ചെയ്യും

അതുകൊണ്ടാണു സഭാപ്രസംഗി സുഖകാലത്തു സുഖമായിരിക്കാനും ലഭിക്കുന്ന നന്മകളെ സന്തോഷത്തോടും സ്തോത്രത്തോടും അനുഭവിച്ച് സന്തോഷമായിരിക്കാൻ പരിശുദ്ധാത്മാവിലൂടെ പറയുന്നത്. ഈ സുഖം ദീർഘിച്ചു പോകയില്ല. വളരെ പെട്ടെന്നു ജീവിതത്തിൽ താഴ്ച ഉണ്ടാകും. വ്യാപാരത്തിൽ ലാഭം ഉണ്ടാകുകയില്ല. പ്രാർത്ഥനയിൽ എല്ലാ വാതിലുകളും അടയപ്പെട്ട അവസ്ഥ ഉണ്ടാവും. ദൈവത്തിൽ നിന്നു ഒരു മറുപടിയും ലഭിച്ചില്ലെന്നിരിക്കും. നിന്റെ വീട്ടുകാർ നിനക്കു ശത്രുവായി മാറും. ഇങ്ങനെയുള്ള അനർത്ഥകാലത്തിൽ ദൈവമക്കൾ തങ്ങളെ തന്നേ ശോധന ചെയ്യാൻ സമയം വേർതിരിക്കണം. നാം **കഷ്ടപ്പെടണം** എന്നുള്ള ഉദ്ദേശ്യത്തിൽ ദൈവം നമുക്കു പ്രശ്നങ്ങളോ, ദുരിതങ്ങളോ അനുവദിക്കയില്ല – വിലാപം 3:33. നമ്മുടെ ദൈവം ഏറ്റവും നല്ലവൻ. അനർത്ഥകാലത്തിൽ, ദൈവത്തെ നാം ഏതെല്ലാം വിധത്തിൽ വേദനപ്പെടുത്തിയിട്ടുണ്ട്, ഏതു വചനത്തിനു നാം അനുസരണ കാണിക്കാതിരിക്കുന്നു എന്നതു പരിശോധിച്ചു നോക്കാൻ നമ്മുടെ അനർത്ഥകാലം വളരെ പ്രയോജനമായിരിക്കും.നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിയ്ക്കു ഗുണമായി (119:71) സങ്കീർത്തനക്കാരൻ തന്റെ അനുഭവം സങ്കീർത്തനത്തിൽ എഴുതിവച്ചിരിക്കുന്നു. അതുകൊണ്ടു മുകളിൽ സൂചിപ്പിച്ച വചനം അനുസരിച്ചു അനർത്ഥകാലത്തിൽ പിറുപിറുക്കാതെ ശോധന ചെയ്യാം.

ആ വചനത്തിൽ അടുത്ത വാക്കു മനുഷ്യൻ തന്റെ ശേഷം വരുവാനുള്ളതൊന്നും അറിയാതിരിക്കുന്നു എന്നു എഴുതിയിരിക്കുന്നു. ഏതൊരു മനുഷ്യനും തന്റെ ഭാവിയിൽ തന്റെ ജീവിതത്തിൽ,

വ്യാപാരത്തിൽ, തന്റെ വിവാഹജീവിതത്തിൽ, താൻ ആഗ്രഹിച്ച ജോലിയിൽ അല്ലെങ്കിൽ പദവിയിൽ എന്തെല്ലാം നടക്കാൻ പോകുന്നു, എന്തെല്ലാം മാറ്റങ്ങൾ വീട്ടിൽ നടക്കാൻ പോകുന്നു, ആർക്കു എന്തു രോഗം വരും, തന്റെ മക്കൾക്കു എന്തു സംഭവിയ്ക്കും എന്നു ഒന്നുമറിയുന്നില്ല. ഭൂതം ഭാവി വർത്തമാനം മൂന്നു കാലങ്ങളെയും കുറിച്ചു അറിയുന്ന ഒരേ ഒരുവൻ കർത്താവായ യേശുക്രിസ്തു മാത്രമാകുന്നു. അതുകൊണ്ടു യേശുവിനെ വിശ്വസിയ്ക്കുന്നവർ യാതൊരു അനർത്ഥത്തെക്കുറിച്ചും തോൽവിയെക്കുറിച്ചും വ്യാകുലപ്പെടുകയില്ല. ഈ പ്രശ്നത്തിൽ ഞാൻ പഠിക്കേണ്ട പാഠം എന്താണ്? ഞാൻ ഏതിലാണ് ക്രമപ്പെടേണ്ടത്. ആരോടു ഞാൻ നിരന്നാൽ ദൈവം സന്തോഷിക്കും എന്നതാണു കർത്താവിനെ സ്നേഹിക്കുന്നവർ ചിന്തിയ്ക്കേണ്ടുന്നത്.

വായനക്കാരെല്ലാവരും ഞാനുൾപ്പെടെ നമ്മുടെ ജീവിതത്തിൽ സുഖകാലവും, അനർത്ഥകാലവും നേരിടേണ്ടി വരും, കർത്താവിനോട് പറ്റി നിൽക്കേണ്ടത് ആവശ്യമാണ്.

എങ്ങനെ ജീവിച്ചാൽ നമ്മുടെ കർത്താവു ഇഷ്ടപ്പെടും എന്നതു മാത്രം അറിയാൻ ശ്രമിച്ചാൽ മതി. ആരും നമ്മെ ഉപദേശിയ്ക്കേണ്ടതില്ല. ദാവീദു പറഞ്ഞതുപോലെ നിന്റെ ഇഷ്ടം ചെയ്യാൻ എന്നെ പഠിപ്പിക്കേണമേ സങ്കീ 143:10 എന്നു പ്രാർത്ഥനയോടെ നിങ്ങളുടെ ജീവിതത്തിൽ ഓരോ ചുവടും വയ്ക്കുക. പിന്നത്തെ നാളുകളിൽ നിനക്കു നന്മ ചെയ്യുവാനായി ഇപ്പോൾ മറ്റുള്ളവർക്കു മുന്നിൽ താഴ്ത്തിയിരിക്കാം അല്ലെങ്കിൽ മറ്റുള്ളവർ നിന്നെ അലക്ഷ്യപ്പെടുത്തത്തക്ക നിലയിൽ നീ തള്ളപ്പെട്ടിരിക്കാം. ഭാവികാലം അറിഞ്ഞതു കർത്താവു ഒരുത്തൻ മാത്രം. അതിനാലാണ് നിന്നെ താഴ്ത്തി പരീക്ഷിച്ചത് പിൻകാലത്തു നിനക്കു നന്മ ചെയ്യേണ്ടതിനു നിന്നെ പരീക്ഷിക്കാൻ അനുവദിച്ചിരിക്കാം (ആവർ 8:16). വേദപുസ്തകം പറയുന്നതു : മനസ്സോടെയല്ലല്ലോ അവൻ (ദൈവം) മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ച് വ്യസനിപ്പി ക്കുന്നത് വിലാപം 3:33 എന്നു എഴുതിയിരിക്കുന്നു. അതിനാൽ ആരും ഒന്നിനെക്കുറിച്ചും പ്രത്യേകിച്ചും ഇപ്പോഴുള്ള കഷ്ടങ്ങളെക്കുറിച്ചു ഓർത്തു തളർന്നു പോകരുത്. ഒരു പ്രതിഫലം ഉണ്ട് നിശ്ചയം നിന്റെ പ്രത്യാശയ്ക്ക് ഭംഗം വരികയില്ല. അവസാനം ഉണ്ട്. അതു നീണ്ടുപോകയില്ല സദൃ 23:18. വചനത്തിൽ ബലപ്പെടാം. നമ്മുടെ കർത്താവു മതിയായവൻ.

## ഈ വർഷത്തെ പ്രവചനം

എല്ലാ റ്റി.വി ദൈവവേലക്കാരും **ഈ വർഷത്തെ പ്രവചനം** പറയാൻ ആരംഭിച്ചു കഴിഞ്ഞു. പോൾ ദിനകരൻ, മോഹൻ.സി.ലാസറസ് ത്രിമൂർത്തികൾ ഇവരും ഇവരോടൊപ്പം ചില ചില്ലറ പ്രവചന ദൈവവേലക്കാരും വർഷാരംഭ പ്രവചനം പറയാൻ ആരംഭിച്ചു കഴിഞ്ഞു. ഇവർ ഇൻഡ്യയെക്കുറിച്ചു മാത്രമല്ല, ലോകരാജ്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾ പേപ്പറിൽ എഴുതി വച്ചു റ്റി.വിയിൽ വാർത്ത വായിക്കുന്നവരെപ്പോലെ (റ്റി.വി ന്യൂസ്) വായിക്കാൻ ആരംഭിച്ചു കഴിഞ്ഞു.

മോഹൻ സി.ലാസറസ് പേപ്പർ കയ്യിൽ വച്ചുകൊണ്ടു കഷ്ടപ്പെട്ടു റ്റി.വിയിൽ പ്രവചനങ്ങൾ ഒന്നൊന്നായി വായിക്കുന്നതു ഞാൻ തന്നെ കണ്ടു. ജപ്പാനുവേണ്ടി പ്രവചനം പറഞ്ഞ ഇവരെല്ലാം കഴിഞ്ഞ ചില മാസങ്ങൾക്കു മുമ്പ് ഇന്ത്യയിൽ **ഛത്തീസ്ഖട്ട്** സംസ്ഥാനത്തിൽ തുടർന്നു പെയ്ത മഴയിൽ നദി കവിഞ്ഞൊഴുകിയതും പല ഗ്രാമങ്ങൾ വെള്ളത്തിൽ മുങ്ങിയതും ആയിരക്കണക്കിന് ജനങ്ങൾ മരിച്ചതും, കാശ്മീരിൽ ഇതുവരെയില്ലാത്ത മഴ മുഖാന്തിരം ചില ആഴ്ചകൾ യാതൊരു യാത്രാ സൗകര്യവും ഇല്ലാതായതിനാൽ ആഹാരസാധനങ്ങൾ കുടിവെള്ളം പോലും ഹെലികോപ്ടർ വഴി ജനങ്ങൾക്കു കൊടുക്കാൻ സാധിക്കാതവണ്ണം ഗ്രാമം മുഴുവനും മഴവെള്ളത്താൽ നിറയപ്പെട്ടിരുന്ന, അതിന്റെ നാശവും, ജനങ്ങൾ കുടുംബം കുടുംബമായി വെള്ളത്തിൽ ഒലിച്ചുപോയ വാർത്തകളും ഈ **കള്ളപ്രവാചകന്മാർക്കു എന്തുകൊണ്ടാണു ഇവരുടെ ദൈവം കാണിച്ചു കൊടുക്കാത്തത്?** ഇങ്ങനെയുള്ള ചോദ്യങ്ങൾ ജനങ്ങളുടെ മനസ്സിൽ ഉണ്ടാകുന്നില്ലേ? ചിന്തിച്ചു നോക്കുവിൻ.

**പോൾ ദിനകരനോ, മോഹൻ സി.ലാസറസോ, സാധു സെൽവരാജോ, വിൻസന്റ് സെൽവകുമാറോ** അല്ലെങ്കിൽ മറ്റേതെങ്കിലും തമിഴ്നാട്ടിലെ ദൈവവേലക്കാരനെങ്കിലുമോ നദി കവിഞ്ഞൊഴുകി ഇന്ത്യയിൽ ഉണ്ടായ നാശനഷ്ടത്തെ എന്തുകൊണ്ടിതുവരെ പറഞ്ഞില്ല? **അമേരിക്ക, ജപ്പാൻ, കൊറിയ** പോലുള്ള വിദേശരാജ്യങ്ങളിലെ വിവരങ്ങൾ ദിനപത്രങ്ങളിൽ വായിച്ചു അതിനെ തന്നെ പ്രവചനം എന്നു പറഞ്ഞു ജനങ്ങളെ ഇനിയും എത്ര കാലം വഞ്ചിക്കും? ഇനിയും ഇവരെ **പ്രചാവകന്മാർ** എന്നു വിശ്വസിക്കുന്ന ആൾക്കാർ ഉണ്ടായാൽ വ്യാജം പറയുന്ന ഈ ദൈവവേലക്കാർക്കു എന്തു ശിക്ഷ ലഭിക്കുമോ ആ ശിക്ഷ ഇങ്ങനെയുള്ളവർക്കും ലഭിക്കും എന്നതു തീർച്ച. ഇങ്ങനെ ഞാൻ എഴുതുന്നതു കൊണ്ടു ഇവരാരെങ്കിലും തങ്ങളെ തിരുത്തും എന്നു കരുതുന്നുണ്ടോ? ഇവരാരും തിരുത്തുകയില്ല. ഇവരെ വിശ്വസിക്കുന്നവരും തിരുത്തുകയില്ല. വർഷംതോറും വഞ്ചിതരായിതന്നെ ഇരിക്കും. **വർഷാവർഷം ഇവരുടെ വാഗ്ദത്തവചനം തുടരും. ഇവരുടെ നവവത്സരപ്രവചനവും തുടരും......**

ജാമക്കാരൻ കുടുംബങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിച്ചു. പലരുടെയും ആത്മീയ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, വചനം അനുസരിക്കുന്നതിലും കർത്താവു അത്ഭുതസൗഖ്യം നൽകിയതു അവരുടെ സാക്ഷ്യങ്ങളിലൂടെ അറിഞ്ഞു. കത്തെഴുതി അറിയിച്ചവർക്കായും ദൈവം അവർക്കു നൽകിയ സൗഖ്യത്തിനായും ഞങ്ങൾ ദൈവത്തെ സ്തുതിയ്ക്കുന്നു. **കർത്താവിന്റെ വരവിൽ** നാം തമ്മിൽ കണ്ടുമുട്ടുന്നതുവരെ ദൈവകൃപയും സമാധാനവും എല്ലാവരോടും കൂടെ ഇരിക്കട്ടെ. ആമേൻ.

**ഡോ.പുഷ്പരാജ്**

## വായനക്കാരുടെ ശ്രദ്ധയ്ക്കു – അറിയിപ്പ്

## മണിയോടർ (EMO)

EMO വഴി അയി മണിയോടർ അയിചവർ പണം അയിചിടും മാസിക എന്തുകൊണ്ട് അയിചില എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപോഴുള്ള EMO മണിയോടറിൽ. ഏതു കാരൃത്തിനുവേണ്ടി പണം അയചു എന്നു വിവരം എഴുതാൻ സാധിക്കുന്നില. അതുകൊണ്ട് മണിയോടർ വഴിയായോ. ഓൺലൈൻ മുലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപം ഏതു കാരൃത്തിനുവേണ്ടി അയചു എന്നു കത്തെഴുതി അറിയിചാൽ വളരെ ഉപഹാരമായിരിക്കും.

■ എൻെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും. സ്ഥലവും പോലും സൂചിപിക്കുന്നില. അതുകൊണ്ടു പണം അയചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച വിവരം. കാരണം. തുക. ബാങ്കിൻെ പേര്. നിങ്ങളുടെ വിലാശം. ഏതു തിയതി എന്നലാം എഴുതി അറിയിചാൽ രസീത് അയിക്കാൻ സൗകരൃം അയിരിക്കും.

അതു മാത്രമല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയചു. എന്തിനു വേണ്ടി അയചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും.

ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ എവരെയും ദൈവം അനുഗ്രഹിക്കുമാറാകടെ.

# കാവിപടകളുടെ കൈകളിൽ



# ഇന്ത്യ ഭയന്നത് സംഭവിച്ചു



ശ്രീ മോദി അവർകളെ കാണിച്ച് ബി.ജെ.പി ഭൂരിപക്ഷം നേടി ഇന്ത്യയിലെ ഭരണം പിടിച്ചെടുത്തു.

ഇന്ത്യയിൽ **ഇസ്ലാമ്യ** ഭൂരിപക്ഷമുള്ള സംസ്ഥാനമായ **കാശ്മീരിൽ** തന്നെ ബി.ജെ.പി എന്ന **കാവിപ്പട** കാലൂന്നിക്കഴിഞ്ഞു. **ശ്രീ മോദി** ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോഴാണു വളരെയധികം ഇസ്ലാമ്യർ കൊല്ലപ്പെട്ടത്. **ബി.ജെ.പി, വി.എച്ച്.പി, ആർ.എസ്.എസ്, ബജ്റംഗ്ദൾ** തുടങ്ങിയ **കാവി** തീവ്രവാദികളാൽ **ബാബറി മസ്ജിദ്** തകർക്കപ്പെട്ട ദിവസം മുതൽ ഇസ്ലാമ്യർ വളരെയധികം കൊലവെറിയോടെ നോക്കിയിരുന്ന ബി.ജെ.പി പാർട്ടിയെ ഇതേ **ഇസ്ലാമ്യർ** തന്നെ വോട്ടു ചെയ്തു ഇന്നു ജയിപ്പിച്ചിരിക്കുന്നു. കാരണം, ഇതുവരെ കാശ്മീരിൽ ഭരിച്ച ഇസ്ലാമ്യരുടെ പാർട്ടി കാശ്മീർ സംസ്ഥാന പുരോഗമനത്തിനു ഒന്നും ചെയ്തില്ല എന്ന ചിന്തയാൽ നല്ല ഭരണാധികാരം എന്ന പേരു സമ്പാദിച്ച ശ്രീമോദി അവർകൾ പ്രധാനമന്ത്രിയായാൽ നമ്മുടെ സംസ്ഥാനം പുരോഗമിയ്ക്കും എന്ന പ്രതീക്ഷയാൽ മുസ്ലീം ജനങ്ങൾ ശ്രീമോദിയുടെ പാർട്ടിയായ ബി.ജെ.പിക്കു വോട്ടു ചെയ്തു ജയിപ്പിച്ചു. എന്നാൽ ശ്രീ മോദി അവർകൾ ഇന്ത്യൻ പ്രധാനമന്ത്രിയായി ഭരണം ആരംഭിച്ച ഉടൻ കെട്ടഴിച്ച പണസഞ്ചിപോലെ RSS, BJP, VHP, ബജ്റംഗ്ദൾ തുടങ്ങിയ പ്രസ്ഥാനക്കാർ തങ്ങൾക്കു ലഭിച്ച ഈ അഞ്ചു വർഷഭരണത്തിനുള്ളിൽ ഇന്ത്യയെ ഒരു ഹിന്ദുരാജ്യമായി മാറ്റണം എന്ന പദ്ധതി ഇട്ടു മറ്റു മതങ്ങളിൽ ഉള്ളവരെ മാതൃമതമായ **ഹിന്ദുമതത്തിലേയ്ക്കു** കൊണ്ടുവരുന്നു എന്നു പറഞ്ഞു ഇവർ തന്നെ ആദിവാസികൾക്കു പണം കൊടുത്തു **മതംമാറ്റാൻ** ആരംഭിച്ചു.

**ഇസ്ലാമ്യർ ഹിന്ദുമതത്തിലേക്കു മാറിയാൽ ഒരു വ്യക്തിക്കു 6 ലക്ഷം രൂപ**

**ക്രൈസ്തവർ ഹിന്ദുമതത്തിലേക്കു മാറിയാൽ ഒരു വ്യക്തിക്കു 5 ലക്ഷം രൂപയെന്നു** മതംമാറ്റത്തിനു വലിയ തുക കൊടുക്കുന്നു എന്നു പറഞ്ഞാൽ എത്ര കോടിരൂപ ഈ മതമാറ്റ പദ്ധതിയ്ക്കായി രഹസ്യമായി അവിടവിടെ ശേഖരിച്ചു വച്ചിരിക്കുന്നു എന്നു വ്യക്തമാകുന്നു. വടക്കെ ഇന്ത്യയിൽ ഉള്ള **ആദിവാസികളെ** മതം മാറ്റാൻ വലിയ തുക ഇവർക്കു വേണ്ടിവരുന്നില്ല. ആർ.എസ്.എസ്, ബി.ജെ.പി, ബജ്റംഗ്ദൾ എന്നീ പ്രസ്ഥാനങ്ങൾ മതം മാറ്റാൻ ആരംഭിച്ചതു മാത്രമല്ല മറ്റു മത ആലയങ്ങളെ പ്രത്യേകമായി ക്രൈസ്തവ ആലയങ്ങളെ തകർക്കാനും, തീവച്ചു നശിപ്പിക്കാനും ആരംഭിച്ചുകഴിഞ്ഞു.

## ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിൽ ക്രൈസ്തവ ആലയം തകർക്കപ്പെട്ടു.

ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിൽ ഉള്ള ഏറ്റവും വലിയ ക്രൈസ്തവ ദൈവാലയം തീവച്ചു നശിപ്പിച്ചു. കിഴക്കു ഡൽഹിയിൽ **ഡിലിഷ്ട്കോർണർ** എന്ന സ്ഥലത്തിലാണു St.Sebastians Church ഉള്ളത്. ഡൽഹി ആർച്ച് ബിഷപ്പു അവർകൾ ഈ ആക്രമണത്തെക്കുറിച്ച് പ്രധാനമന്ത്രി ശ്രീമോദിയോടു തീവച്ചവരെ കണ്ടുപിടിച്ച് അന്വേഷിക്കണം എന്ന് അപേക്ഷ നൽകി.

ഒരാൾ ഡൽഹി ആലയത്തിൽ മാതാവിന്റെ പ്രതിമ തകർക്കുന്നതു ആലയ ക്യാമറയിൽ പതിഞ്ഞതു കഴിഞ്ഞമാസം റ്റി.വിയിൽ കാണിച്ചു. ഡൽഹി പോലീസ് ഇതുവരെ തീവച്ചവരെയോ, പള്ളി തകർത്തു നാശനഷ്ടം ഉണ്ടാക്കിയവരെയോ അറസ്റ്റു ചെയ്തിട്ടില്ല.










# ഡൽഹിയിൽ വീണ്ടും ദേവാലയ ആക്രമണം

ഇന്ത്യയുടെ തലസ്ഥാന നഗരമായ ഡൽഹിയിൽ രണ്ടുമാസത്തിനിടെ ക്രൈസ്തവ ദേവാലയത്തിനെതിരെ വീണ്ടും അഞ്ചാമത്തെ ആക്രണം. ദക്ഷിണ ഡൽഹിയിലെ വസന്ത് കുഞ്ജിൽ സെന്റ് അൽഫോൺസാ പള്ളിയാണ് ആക്രമിക്കപ്പെട്ടത്. കവർച്ചാശ്രമമെന്ന നിലയിലാണ് പോലീസ് കേസെടുത്തിരിക്കുന്നത്. നേർച്ചപ്പെട്ടിയിലെ പണം മോഷ്ടിച്ചിട്ടില്ലെന്നും പള്ളികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളുടെ തുടർച്ചയാണിതെന്നും ഡൽഹി അതിരൂപതാ ചാൻസലർ ഫാ.മാത്യു കോയിക്കൽ പറഞ്ഞു (മലയാള മനോരമ 03.02.2015).

അതുകൊണ്ടു **ഡൽഹിയിൽ ഉള്ള എല്ലാ ക്രൈസ്തവസഭകളും യോജിച്ചു** രാത്രി പ്രദക്ഷിണമായി മെഴുകു തിരികൾ കൈകളിലേന്തി പ്രകടനം നടത്തി തങ്ങളുടെ എതിർപ്പു അറിയിച്ചു. എന്നാൽ ഇതുവരെ ഡൽഹി പോലീസ് എന്തെങ്കിലും നടപടി എടുത്തതായി വിവരം ഇല്ല.

ഭൂരിപക്ഷം ക്രൈസ്തവർ വസിക്കുന്നതും വിദ്യാസമ്പന്നർ ധാരാളം ഉള്ള സംസ്ഥാനം എന്നു പ്രസിദ്ധിയാർജ്ജിച്ചതുമായ **കേരള** സംസ്ഥാനത്തിൽ 2014 ഡിസംബർ മാസം 25-ാം തീയതി **ആലപ്പുഴ** എന്ന ജില്ലയിൽ എട്ടു ക്രൈസ്തവ കുടുംബങ്ങളിലുള്ള 30 പേരെ ഹിന്ദുക്കളായി മാറ്റി എന്നു





ഹിന്ദുമതതീവ്രവാദികളായ **വിശ്വഹിന്ദുപരിഷത്തുകാർ** പരസ്യമായി അറിയിച്ച് ആഘോഷിച്ചു.

മാത്രവുമല്ല 2015 ജനുവരി മാസം 13–ാം തീയതി കേരളത്തിൽ തന്നെ **കോട്ടയം** എന്ന സ്ഥലത്തിൽ 10 ക്രൈസ്തവരെ ഹിന്ദുക്കളാക്കുന്ന ചടങ്ങു നടന്നു.

# ഗുജറാത്തിലും മതംമാറ്റം നടക്കുന്ന പടങ്ങൾ

ഇതുപോലെ 2014 ഡിസംബർ 25–ാം തീയതി പ്രധാനമന്ത്രി ശ്രീമോദി അവർകളുടെ സംസ്ഥാനമായ ഗുജറാത്തിൽ 225 ക്രൈസ്തവരെ അതേ വിശ്വഹിന്ദുപരിഷത്ത് പ്രസ്ഥാനക്കാർ ലക്ഷക്കണക്കിന് പണം കൊടുത്തു ഹിന്ദുക്കളാക്കി മാറ്റിയതായി അറിയിച്ചു. പണം കൊടുത്തു ഹിന്ദുമതത്തിലേയ്ക്കു മാറിയ ക്രൈസ്തവരിൽ നിന്നു വേദപുസ്തകം പിടിച്ചുവാങ്ങി പകരം ഓരോരുത്തർക്കും **ഗീത** പുസ്തകം കൊടുത്തു. ഈ മതമാറ്റസംഭവം ഗുജറാത്ത് സംസ്ഥാനത്തിലെ **വൽസാട്** ജില്ലയിൽ ഉള്ള അർണായ് എന്ന ഗ്രാമത്തിൽ ഇതിനുള്ള മംഗള ആഘോഷമായി നടന്നു.




# മുസ്ലീങ്ങൾ ഹിന്ദുമതത്തിലേക്കുമാറി

**ഉത്തർപ്രദേശ്** (യു.പി) സംസ്ഥാനത്തിൽ ആഗ്രയിൽ **മുസ്ലീം** മതത്തിൽ ഉള്ളവരെ **ഹിന്ദുമത ക്കാരായി** മാറ്റുന്ന പൂജ നടക്കുന്നതു കാണാം.



ഗുജറാത്ത്, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിലെ ഉന്നത അധികാരികളോടു ഇതിനെക്കുറിച്ചു പത്രപ്രവർത്തകർ അന്വേഷിച്ചപ്പോൾ മതംമാറിയ ആരും ഇതുവരെയായി യാതൊരു പരാതിയും ഞങ്ങൾക്കു തന്നിട്ടില്ല. അതുകൊണ്ടു ഈ വിഷയത്തിൽ ഞങ്ങൾക്കു യാതൊരു നടപടിയും എടു ക്കാൻ സാധ്യമല്ല എന്നു പറഞ്ഞു.

# ക്രിസ്മസ് ദിവസം അവധി ഇല്ല

ഈ മതമാറ്റം തുടർന്നുകൊണ്ടിരിക്കുന്ന നിലയിൽ ക്രൈസ്തവർ ആഘോഷിക്കുന്ന ക്രിസ്മസ് ദിവസമായ ഡിസംബർ 25-ാം തീയതി അവധി ദിവസം അല്ലെന്നു അറിയിച്ചതു മാത്രമല്ല, ബി.ജെ.പി ക്കാരനായ മുൻപ്രധാനമന്ത്രി വാജ്പേയ് അവർകളുടെ ജന്മനാളായി ഡിസംബർ 25 തീയതി ആഘോ ഷിക്കണം എന്നു അറിയിച്ചു.

അതോടൊപ്പം **നല്ല ഭരണദിനം** എന്ന പേരിൽ ആ **ക്രിസ്മസ്** ദിനത്തിൽ ഇന്ത്യയിൽ ഉള്ള എല്ലാ പള്ളിക്കൂടങ്ങളിലും **ലേഖന** മത്സരം നടത്തണം 25-ാം തീയതി സർക്കാർ അവധി ഇനി ലഭിക്ക യില്ല. സർക്കാർ ഉദ്യോഗസ്ഥർ എല്ലാം ആ ദിവസം ഓഫീസിൽ വന്നിരിക്കണം. ക്രിസ്മസ് ദിനത്തിൽ **രക്തദാനം** നടത്താനും **മാരത്തോൺ** പോലുള്ള ഓട്ടപന്തയങ്ങൾ നടത്താനും ഉത്തരവു പുറപ്പെടുവി ച്ചു.

ദിവസം കഴിയുന്തോറും ഹിന്ദുമത തീവ്രവാദപ്രസ്ഥാനത്തിന്റെ പ്രവൃത്തികൾ പല പ്രത്യാഘാ തങ്ങൾ രാജ്യത്തു ഉണ്ടാക്കാൻ പോകുന്നു എന്നു എല്ലാ പ്രതിപക്ഷ നേതാക്കളും എതിർപ്പു അറിയി ച്ചു ഈ പ്രവൃത്തികൾക്കു പ്രധാനമന്ത്രി മോദി മറുപടി പറയണം എന്നു പറഞ്ഞു **പാർലമെന്റിൽ** സമരം ചെയ്തു. ഇത്രയും സമരങ്ങൾ നടന്നിട്ടും **മോദി** അവർകൾ മറുപടി പറയാതെ നോക്കിയിരിക്ക യായിരുന്നു. പ്രതിപക്ഷപാർട്ടികൾ എല്ലാം **പല ദിവസങ്ങൾ പാർലമെന്റ്** സ്തംഭിപ്പിച്ചു. ഇതു മുഖാ ന്തിരം കോടിക്കണക്കിന് രൂപയുടെ നഷ്ടവും പല നല്ല പദ്ധതികളും നിറവേറ്റാൻ സാധിക്കാതെയും പോയി. ഇതു ഇന്ത്യാ രാജ്യത്തിനും പല സംസ്ഥാനങ്ങൾക്കും വലിയ നഷ്ടം ഉണ്ടാക്കും. ഇത്ര ത്തോളം പ്രകോപനം ഉണ്ടായിട്ടും ജനപ്രതിനിധികളുടെ ചോദ്യങ്ങൾക്കു മറുപടി പറയാൻ കടമപ്പെട്ട പ്രധാനമന്ത്രി മോദി അവർകൾ **വിളറിയ മുഖത്തോടെ തന്റെ ഇരിപ്പിടത്തിൽ** ഇരുന്നിരുന്നതു അദ്ദേ ഹത്തിന്റെ പിടിവാശിയും ഇങ്ങനെയുള്ള മതമാറ്റങ്ങൾക്കു താനും അനുകൂലിയാണെന്നതുംപോലെ

കാണപ്പെട്ടു എന്നു റ്റി.വിയിൽ ഇവകളെ ശ്രദ്ധിച്ച ഇന്ത്യൻ ജനത പറയാൻ ആരംഭിച്ചതായി പറയപ്പെടുന്നു.

ബി.ജെ.പിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ ശ്രീമോദി അവർകൾ തെരഞ്ഞെടുപ്പു അറിയിപ്പിൽ പറഞ്ഞതു നിറവേറ്റാൻ ആരംഭിച്ചു എന്നു ജനങ്ങൾ പറയാൻ തുടങ്ങി.

# നയം നിറവേറ്റൽ

ഏതൊരു പാർട്ടിയും തങ്ങൾ അധികാരത്തിൽ വന്ന ഉടൻ തങ്ങളുടെ നയം നിറവേറ്റാനായി നയം വ്യക്തമാക്കുന്ന പതിവുണ്ട്. ബി.ജെ.പി ഭരണത്തിൽ ഈ പ്രവൃത്തികൾ പുതുതല്ല.

തമിഴ്നാട്ടിൽ ഡോ.അണ്ണാ അവർകളുടെ നേതൃത്വത്തിൽ ദ്രാവിഡ മുന്നേറ്റ കഴകം (DMK) ഭരണത്തിൽ വരാതിരുന്നെങ്കിൽ **സ്വയനവീകരണ വിവാഹങ്ങൾക്കു** നിയമഅംഗീകാരം ലഭിക്കുമായിരുന്നില്ല. അതുപോലെതന്നെ പിന്നോക്കക്കാർക്കു വലിയ അളവിൽ സംവരണം ഉണ്ടാകാൻ അവസരം ഉണ്ടാകുമായിരുന്നില്ല.

തമിഴ്നാട്ടിൽ അന്നു **ഹിന്ദി** വിരോധം കൊണ്ടും **ഒരു രൂപയ്ക്കു ഒരു കിലോ അരി** എന്ന ആകർഷകപദ്ധതികൾക്കായും ജനങ്ങൾ വോട്ടുചെയ്തു DMK പാർട്ടിയെ ജയിപ്പിച്ചു. ദ്രാവിഡ മുന്നേറ്റ കഴകം പാർട്ടി അധികാരത്തിൽ വന്ന ഉടനെ തങ്ങളുടെ നയം നിറവേറ്റുകയും ചെയ്തു.

അതേ രീതിയിൽ തന്നെ ശ്രീമോദി അവർകൾ ഓരോരോ തെരഞ്ഞെടുപ്പു യോഗങ്ങളിലും ഹിന്ദുത്വനയം നടപ്പിൽ വരുത്തും.

ആ നയമാണു ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. ഹിന്ദു മതനയം നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

എന്നാൽ അതുതന്നെ വർഗ്ഗീയവിദ്വേഷം ഉണ്ടാക്കാൻ പോകുന്നു എന്ന് ഇപ്പോഴാണു ബി.ജെ.പിക്കു വോട്ടു ചെയ്ത ജനങ്ങൾ ചിന്തിക്കാനും ഭയപ്പെടുവാനും ആരംഭിച്ചിരിക്കുന്നത്.

ക്രൈസ്തവരുടെ ആലയം തകർത്താൽ **ക്രൈസ്തവർ** എതിർക്കയില്ല. ഒരു പ്രതിഷേധം നടത്തി തങ്ങളുടെ എതിർപ്പ് പ്രകടിപ്പിക്കും.

എന്നാൽ **മുഹമ്മദീയരു**ടെ മതസ്ഥലങ്ങളിൽ ഹിന്ദുത്വക്കാർ കൈവയ്ക്കുമ്പോൾ ഇന്ത്യ **രക്തപ്പുഴ ഒഴുകുന്ന നിലയിലേക്കു** തള്ളപ്പെടും. അതിനെക്കുറിച്ചാണ് **ഇന്ത്യക്കാർ** ഭയപ്പെടുന്നത്.

പ്രധാനമന്ത്രി മോദി അവർകൾ RSS, BJP, VHP, ബജ്റംഗ്ദൾ തുടങ്ങിയ പ്രസ്ഥാനങ്ങളെ ഇപ്പോൾ തന്നെ നിയന്ത്രിച്ചില്ലെങ്കിൽ ഇന്ത്യയുടെ നില വളരെ മോശമാകും.

ലോകചരിത്രത്തിൽ നാം കാണുന്നത് **അധികാരത്തിൽ** ആര് ഇരിക്കുന്നുവോ അവർ ഏതു മതവിശ്വാസികളായിരിക്കുന്നുവോ അവരുടെ വിശ്വാസത്തെ അനുസരിച്ചായിരിക്കും മതമാറ്റങ്ങൾ നടന്നിരിക്കുന്നത്.

ഉദാഹരണമായി ബ്രിട്ടീഷ് രാജാവ് **ഹെന്റി എട്ടാമൻ** അവർകൾ റോമൻ കത്തോലിക്കാ സഭകളെയും **പോപ്പ്** അവർകളെയും എതിർത്താണ് ഇംഗ്ലണ്ടിൽ പ്രൊട്ടസ്റ്റന്റ് സഭകൾ രൂപീകരിച്ചതു. ഹെന്റി രാജാവ് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളും **പ്രൊട്ടസ്റ്റന്റുകാരായി** മാറി.

അതേപോലെ **ഇന്ത്യയിൽ മുഹമ്മദീയ രാജാക്കന്മാർ** ഭരണത്തിൽ വന്നശേഷമാണു **ഇസ്ലാം മതം,** ഇസ്ലാം അധികമായി ഇന്ത്യയിൽ വേരൂന്നിയത്. അതുകൊണ്ടു ചരിത്രചക്രം ഇന്ത്യയിൽ കറങ്ങാൻ ആരംഭിച്ചു.

ഇന്നു മൃഗീയ ഭൂരിപക്ഷത്തോടെ ബി.ജെ.പി തെരഞ്ഞെടുത്ത ആ **കാവി പടകളിലാണു ഇന്ത്യക്കാർ തന്നെ** ഭരണം ഏല്പിച്ചിരിക്കുന്നത്.

ഇനി നടക്കാൻ പോകുന്നതു ഇന്ത്യക്കാരായ നാം എല്ലാവരും അനുഭവിച്ചുതന്നെ തീരണം.

# ക്രൈസ്തവരെമതം മാറ്റിയ ഞടട, ഡഒജ പോലുള്ള പ്രസ്ഥാനങ്ങൾക്ക് നന്ദി

ക്രൈസ്തവരെ മതം മാറ്റിയതിൽ യഥാർത്ഥ ക്രൈസ്തവർ ആരും വ്യാകുലപ്പെടാൻ പാടില്ല. കാരണം **പണത്തിനായി** ക്രിസ്തുവിനെ വിട്ട് ഹിന്ദുമതത്തിലേയ്ക്കു മാറിയവർ ആരും **യഥാർത്ഥ ക്രൈസ്തവരായിരിക്കാൻ** സാധ്യതയില്ല. പണത്തിനായി ഭാര്യയെ വ്യഭിചാരം ചെയ്യാൻ അയച്ച ഭർത്താക്കന്മാരെപ്പോലെ തന്നെ ഇതും.

മതം മാറിയ ഈ ക്രൈസ്തവരും അവിടെയും സത്യസന്ധരായിരിക്കയില്ല. ഇവർ നേരത്തേ ക്രൈസ്തവരായിരുന്നപ്പോൾ **കപട വിശ്വാസികളായിത്തന്നെ** ജീവിച്ചിരിക്കാം. ഇങ്ങനെയുള്ള വർ ക്രൈസ്തവസഭകളിൽ നിന്നും അതിവേഗം പുറത്തുപോകുന്നതു ക്രൈസ്തവ സഭകൾക്കു നല്ലത്. ഗുജറാത്ത്, രാജസ്ഥാൻ, ഛത്തീസ്ഘട്ട്, ബീഹാർ, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നമ്മുടെ മിഷണറിമാർ വഴി ക്രിസ്തുവിനെ അറിയിക്കപ്പെട്ടു.

ക്രിസ്തു അവരുടെ മനസ്സു മാറ്റി, സ്വഭാവം മാറ്റി, മദ്യപാനം നിർത്തി മനുഷ്യ കൊലപാതകങ്ങളും നിറുത്തിയതുകൊണ്ടു അവർ മനസമാധാനത്തോടു ജീവിക്കുന്നു. ഇതുവരെ ഇവർ അനുഭവിക്കാത്ത ക്രൈസ്ത സ്നേഹസുഖം അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ഇവർക്കു മിഷണറിമാരാരും പണമോ, ഗോതമ്പോ, അരിയോ കൊടുക്കാതെ തന്നെ ക്രിസ്തുവിനെ സ്വീകരിച്ചു. ഇപ്പോൾ എല്ലാ **ആദിവാസികളും സുവിശേഷം അറിയിക്കുന്ന** മിഷണറിമാരായി മാറി, തങ്ങളുടെ വർഗ്ഗത്തിൽ ഉള്ളവർക്കു തങ്ങളുടെ മനമാറ്റത്തെ സാക്ഷ്യമായി അറിയിച്ചുകൊണ്ടിരിക്കുന്നു.

ഇവർ തങ്ങൾക്കുള്ളിൽ ഇരിക്കുന്ന ക്രിസ്തുവിനെ മറ്റു ആദിവാസികൾക്കു വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. **ഇതാണു മനമാറ്റം. ഇതു മതമാറ്റം അല്ല ക്രൈസ്തവം ഒരു മതവും അല്ല; അതു ഒരു മാർഗ്ഗം.** യേശുക്രിസ്തു **ഒരു മതം** സ്ഥാപിക്കാൻ ഈ ലോകത്തിൽ ജനിച്ചില്ല. തന്റെ സ്നേഹം വെളിപ്പെടുത്താനായി ജനിച്ചു. അതാണു ക്രിസ്മസ് ഡിസംബർ 25-ാം തീയതി യേശുക്രിസ്തു ജനിച്ചില്ല. അതുകൊണ്ടു യഥാർത്ഥ ക്രൈസ്തവർക്കു ഡിസംബർ 25-ാം തീയതി അവധി അല്ല എന്നു സർക്കാർ പ്രഖ്യാപിച്ചാലും ഭാരപ്പെടുകയില്ല. യഥാർത്ഥമായ ക്രൈസ്തവർക്കു അവർ ജീവിച്ചിരിക്കുന്ന നാളെല്ലാം ക്രിസ്മസ് തന്നെ. ഇതു മനസ്സിലാക്കിയവർ ആരെയും എതിർത്തു സമരം ചെയ്യുകയില്ല. ഇതു ബി.ജെ.പി സർക്കാർ ആർ.എസ്.എസ്, ബജംറംഗ്ദൾ പ്രസ്ഥാനങ്ങൾ മനസ്സിലാക്കണം എന്ന് ഞാൻ പരസ്യമായി എഴുതി അറിയിക്കുന്നു.

അതുകൊണ്ടാണു **ഇന്ത്യയുടെ പ്രഥമ ഗവർണർ ജനറൽ** ആയിരുന്ന വ്യക്തിയും തമിഴ്നാട്ടുകാരനുമായിരുന്ന **ശ്രീ രാജഗോപാലാചാരി** അവർകൾ പറഞ്ഞത്:

**ക്രൈസ്തവരെ ഒന്നും ചെയ്യാതിരിപ്പിൻ. അവർ മൂട്ടയെപ്പോലെയാകുന്നു. അവരെ ഞെക്കിയാൽ ഒന്നിനു ആയിരം എന്ന കണക്കിൽ മൂട്ടകളായി പുറത്തു വന്നു വർദ്ധിക്കും.**

യേശുക്രിസ്തു പറഞ്ഞതു : **ഗോതമ്പുമണി നിലത്തു വീണു ചത്താൽ അധികം ഫലം തരും.** അതിന്റെ അടിസ്ഥാനത്തിലാണു ഇന്ത്യയിൽ സുവിശേഷം അറിയിക്കാൻ വന്ന മിഷണറിമാർ തങ്ങളെ തന്നെ ഗോതമ്പുമണിയാക്കി ഇന്ത്യയുടെ മണ്ണിൽ സുവിശേഷത്തിനായി മരിച്ചു വിതയ്ക്കപ്പെട്ടു. പലരും രക്തസാക്ഷികളായി മരിച്ചതിനാലാണു ഇന്നു **ക്രൈസ്തവർ** ഇന്ത്യ മുഴുവൻ വ്യാപിച്ചു ഇന്ത്യയിൽ മിഷണനറിമാരെ അയച്ച അമേരിക്ക, യൂറോപ്പു, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേക്കു തന്നെ സുവിശേഷം അറിയിക്കുന്ന ഇന്ത്യൻ മിഷണറിമാരായി പ്രവർത്തിക്കുന്നു എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ മഹത്വം എത്രയാണെന്നു അറിഞ്ഞു ദൈവത്തെ സ്തുതിക്കാം.

## RSS പ്രധാന തലവരിൽ ഒരാൾ ഹിന്ദുമതത്തെപറ്റി പറഞ്ഞത് :



**ചോരമസ്വാമി**

അദ്ദേഹം മറ്റാരുമല്ല, തമിഴ്നാട് ജനങ്ങളും ഇന്ത്യയിലെ രാഷ്ട്രീയക്കാരും നല്ലവണ്ണം അറിയുന്ന ബ്രാഹ്മണ ഇതിഹാസങ്ങൾ നല്ലവണ്ണം അറിഞ്ഞ വ്യക്തിയും രാഷ്ട്രീയ വിമർശകനും **മഹാഭാരത്തിനു** വിശദീകരണം എഴുതിയ വ്യക്തിയുമായ **തുഗ്ലക്** (തമിഴ് മാസികയുടെ) എഴുത്തുകാരൻ **ചോരമസ്വാമി** അവർകൾ ആകുന്നു. ഇദ്ദേഹം നിയമം പഠിച്ച ഒരു വക്കീലായിരുന്നു.

### ഹിന്ദുമതം

മറ്റു മതത്തിൽ ഉള്ളവരെ **ഹിന്ദുക്കളാക്കി** മാറ്റണം എന്ന കല്പന യാതൊരു ഹിന്ദുമതശാസ്ത്രങ്ങളിലും ഇല്ല. ഒരു വ്യക്തിയെ നോക്കി ഇവനാണ് ഹിന്ദു എന്നു അടയാളപ്പെടുത്താൻ യാതൊരു തെളിവും**ഹിന്ദുമത**ശാസ്ത്രങ്ങളിൽ ലഭ്യമല്ല. പല ഹിന്ദുമതശാസ്ത്രങ്ങളിൽ മേന്മയുള്ള ചിലരെ സൂചി പ്പിച്ചു. അടയാളം കാണിച്ചും ഇയാളാണു **നല്ല മനുഷ്യൻ** എന്നു വിശദീകരിക്കാൻ ശ്രമിക്കുന്നില്ല. എന്നാൽ അങ്ങനെയുള്ളവരെ ഹിന്ദുക്കൾ എന്നു ആരും വിളിക്കുന്നില്ല.

ഇങ്ങനെയുള്ള ഹിന്ദുമതത്തിലേക്കു മറ്റൊരു മതത്തിൽ ഉള്ള ചേർന്ന ഒരാളിനെ എങ്ങനെ എന്തടയാളം വെച്ചാണ് ഹിന്ദുവാക്കി മാറ്റുന്നത്.

അങ്ങനെ ഹിന്ദുവാക്കി മാറ്റാൻ ഹിന്ദുവേദങ്ങളിൽ എവിടെ എഴുതിയിരിക്കുന്നു. ഹിന്ദു എന്നു പറയാൻ എന്തു അംഗീകാരം?

ഇങ്ങനെ ആവശ്യമില്ലാതെയും അർത്ഥമില്ലാതെയും ഹിന്ദു മതത്തിലേയ്ക്കു ഒരാളിനെ മതം മാറ്റാൻ ശ്രമിക്കുന്നവർ **മതവിദ്വേഷം** ഇന്ത്യയിൽ വളർത്താൻ മനപ്പൂർവ്വം ശ്രമിക്കുന്നു. സമീപ കാലത്ത് ആഗ്രയിൽ **ചില മുസ്ലീങ്ങളെ** ഹിന്ദുക്കളാക്കാൻ നടന്ന കാര്യങ്ങൾ മുകളിൽ ഞാൻ സൂചിപ്പിച്ചതിൽ ഉള്ളതാകുന്നു. അതിനു എല്ലാ മതസംഘടനകളിൽ നിന്നു പാർലമെന്റിൽ നിന്നും എതിർപ്പുണ്ടായതിൽ അതിശയം ഇല്ല. ആ എതിർപ്പു ന്യായമായതു തന്നെയല്ലേ!

## ഭഗവത്ഗീത പുസ്തകം ദേശീയ പുണ്യപുസ്തകമായി അംഗീകരിക്കണമത്രെ

ഹിന്ദുത്വക്കാർ ബാബ്റിമസ്ജിദ് തകർത്തതു മൂലം അവർ അയോദ്ധ്യയെ കടിച്ചു, **രാമനെ** കടിച്ചു ഇപ്പോൾ **ഭഗവത്ഗീതയെത്തന്നെ** കടിക്കാൻ വന്നു.

ഭരിക്കുന്ന ബി.ജെ.പിയുടെ മുതിർന്ന മന്ത്രിമാരിൽ ഒരാളായ **സുഷമാസ്വരാജ്** ഭഗവത്ഗീതയെ ഇന്ത്യയുടെ **ദേശീയ പുണ്യപുസ്തകമായി** നിയമപ്രകാരം അംഗീകരിയ്ക്കണം എന്നു പറഞ്ഞിരിക്കുന്നു. ഇവരോടൊപ്പം ചിലർ ഭഗവത്ഗീത പുസ്തകത്തെ ഒരു **മതസംബന്ധമല്ലാത്ത പുസ്തകം** എന്നു വാദിക്കുന്നു. ഇതു ആരും ഉറപ്പായി സ്വീകരിക്കാൻ സാധിക്കാത്ത അർത്ഥമില്ലാത്ത വാദമാകുന്നു.

**ഭഗവത്ഗീതയിൽ** പല അദ്ധ്യായങ്ങളിൽ, പല ശ്ലോകങ്ങളിൽ കൃഷ്ണൻ പറഞ്ഞതായി എഴുതിയിരിക്കുന്നതു ശ്രദ്ധിക്കണം. അതായത് തന്നെ (കൃഷ്ണനെ) വിശ്വസിക്കുന്നവർ മേന്മ പ്രാപിക്കും എന്നതു ഊന്നി പറഞ്ഞിരിക്കുന്നതു വായിക്കാം. **ഭക്തിയുടെ** മാഹാത്മ്യം എടുത്തു പറയുമ്പോഴെല്ലാം അതു ഗീതയിൽ **കൃഷ്ണൻ**അല്ലെങ്കിൽ **നാരായണന്റെ** മേലുള്ള ഭക്തിയെയാണ് മേന്മപ്പെടുത്തുന്നത്.

ഗീതയിൽ ഒരു ഘട്ടത്തിൽ **വിശ്വരൂപകാഴ്ചയിൽ** എല്ലാ ലോകങ്ങളെയും **നാരായണൻ** തനിക്കുള്ളിൽ അടക്കിയിരിക്കുന്നു എന്നു വിസ്തരിച്ചു എടുത്തു പറഞ്ഞിരിക്കുന്നു. അതോടൊപ്പം ഹിന്ദുക്കളിൽ പല ദൈവങ്ങൾ ഉണ്ടല്ലോ. അങ്ങനെയുള്ള ദൈവങ്ങളെ വണങ്ങുന്നതുപോലും തന്നെ ആഗ്രഹിച്ചു വന്നു ചേരും എന്നു ഗീതയിൽ എഴുതിയിരിക്കുന്നു. മാത്രവുമല്ല **നാരായണനെ** ശരണം പ്രാപിച്ചാൽ എല്ലാ പാപങ്ങളിൽ നിന്നും മോചനം ലഭിക്കും എന്നു **അർജ്ജുനനെ** ഉപദേശിക്കുന്നതായി ഗീതയിൽ എഴുതിയിരിക്കുന്നു. ഇപ്രകാരം കൃഷ്ണൻ അല്ലെങ്കിൽ **വിഷ്ണുവിന്റെ** മേന്മകളെ

വിശദീകരിക്കുന്ന **ഗീതപുസ്തകത്തെ** ഇന്ത്യയുടെ **പുണ്യപുസ്തകമായി** സ്വീകരിക്കണം എന്നു സർക്കാർ അറിയിച്ചാൽ മുസ്ലീം മതക്കാരോ, **ക്രൈസ്തവരോ** അതു എങ്ങനെ സ്വീകരിക്കും? ഇതിൽ യാതൊരു ന്യായവുമില്ലല്ലോ.

**അതുകൊണ്ടു (ചോരസ്വാമി ആയ) ഞാൻ പറയുന്നതു എന്താണെന്നു വെച്ചാൽ ന്യൂനപക്ഷങ്ങളി** ലുള്ളവരുടെ വികാരങ്ങളെ ബാധിക്കുന്നത് ആയിത്തീരും. ബി.ജെ.പി പാർട്ടിയിൽ ഉള്ള പല എം.പിമാരും, ഇനിയും ഉള്ള ചില പ്രമുഖർ ഇപ്രകാരം ഉത്തരവാദിത്വമില്ലാതെ തങ്ങളുടെ ഇഷ്ടം പോലെ സംസാരിക്കുന്നതു ഭരണത്തിലിരിക്കുന്ന പാർട്ടിക്കു ആപത്തായി തീരുമെന്നു ഞാൻ മുന്നറിപ്പു നൽകുന്നു! ബി.ജെ.പിയിലെ പ്രധാനമന്ത്രി മോദിയെതന്നെ മനസ്സിൽ **വെറുക്കുന്നവരും അദ്ദേഹത്തെ പ്രധാനമന്ത്രിയായി സ്വീകരിക്കാൻ വിസമ്മതിച്ചവരും** ബി.ജെ.പിയിൽ ധാരാളം ഉണ്ട്. അങ്ങനെയുള്ളവർ പ്രധാനമന്ത്രി മോദി അവർകൾക്കു തങ്ങളുടെ ഇപ്രകാരമുള്ള പ്രസ്താവനകളാൽ ഭരണത്തിനു പ്രശ്നം ഉണ്ടാക്കാൻ നോക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ബി.ജെ.പി ആൾക്കാരിൽ ചിലർ, **ഹിന്ദു**മതത്തെ സ്വീകരിക്കാത്ത മുസ്ലീങ്ങൾ ഇന്ത്യയിൽ ഉണ്ടായിരിക്കാൻ പാടില്ല അവർ **പാകിസ്ഥാനിൽ** പോകണം എന്നും ഇന്ത്യയിൽ ജീവിക്കുന്നവരായാലും **രാമനെ** പിതാവായി സ്വീകരിക്കാത്തവർ **ഒരു അപ്പനു ഉണ്ടായവരല്ല** എന്ന അർത്ഥത്തിൽ അവരെല്ലാം **ജാരസന്തതികൾ** എന്നു പറഞ്ഞു, മതലഹളയ്ക്കു പ്രേരിപ്പിക്കുന്നതുപോലെ പല ആപത്തായ വാർത്തകളാൽ മറ്റു മതജനങ്ങളെ ആക്രമിച്ചു ദ്വേഷം ഉളവാക്കുന്ന പല സംസാരങ്ങൾ ഹിന്ദുത്വ പ്രസ്ഥാനങ്ങളാൽ അരങ്ങേറുന്നു. ഇതു ഇന്ത്യയുടെ സമാധാനത്തെത്തന്നെ തകർക്കുന്നതാകുന്നു.

ഇങ്ങനെയെല്ലാം സംസാരിച്ചു പുലമ്പിക്കൊണ്ടു ഈ ഇന്ത്യ രാജ്യത്തെ **ഹിന്ദു** രാജ്യമാക്കി മാറ്റാൻ ഇവരെക്കൊണ്ടു സാധിക്കയേ ഇല്ല എന്നു സുഷമസ്വരാജിനെപ്പോലെയുള്ള മുതിർന്ന മന്ത്രിമാർക്ക് അറിയാം. പിന്നെ എന്തുകൊണ്ടു ഇങ്ങനെയെല്ലാം സംസാരിക്കുന്നു.

പ്രധാനമന്ത്രി മോദി അവർകളുടെ പേർ ലോകമെല്ലാം പ്രസിദ്ധമാവാൻ തുടങ്ങി. ശ്രീമോദി അവർകൾ തന്റെ കൂടെ പ്രവർത്തിക്കുന്ന പ്രവർത്തനത്തിൽ ഇടപെടുന്നത് ചിലർ ഇഷ്ടപ്പെടുന്നില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ ബി.ജെ.പിയിൽ ഉള്ള ആരെങ്കിലും **പ്രധാനമന്ത്രി മോദിയെ എതിർത്താൽ** അങ്ങനെയുള്ളവർക്കു **ഹിന്ദുമതക്കാർ** ആരും ആദരവു കാണിക്കയില്ല എന്ന നില തോന്നിക്കഴിഞ്ഞു. മോദി അവർകൾ ഇല്ലെങ്കിൽ ബി.ജെ.പി ഇനി ജയിക്കുമോ എന്ന നില ഏർപ്പെടുന്നതുകൊണ്ടു ശ്രീമോദി അവർകൾ നടത്തുന്ന ഭരണത്തിൽ അദ്ദേഹത്തിനു ചീത്തപേർ ഉണ്ടാക്കാൻ അവർ പരിശ്രമിക്കുന്നു.

പ്രധാനമന്ത്രി അവർകൾ ഇതിനെ ശ്രദ്ധിച്ചു ഇങ്ങനെയുള്ള മതമാറ്റപ്രശ്നം ഉണ്ടാക്കുന്ന തന്റെ പാർട്ടിക്കാരെ അവർ ആരായിരുന്നാലും അവരെ ആരംഭത്തിൽ തന്നെ നുള്ളി എറിയണം. അതാണു ഇന്ത്യാ രാജ്യത്തിനു നല്ലത്.

മുകളിൽ വായിച്ച വിവരങ്ങൾ ശ്രീമോദി അവർകൾക്ക് ചോ-രാമസ്വാമി (ആർ.എസ്.എസ് നേതാവ്) എഴുതിയിട്ടുള്ളതിന്റെ ശേഖരം ആകുന്നു. ഇന്ത്യൻ ജനത ചോ അവർകളുടെ ആലോചനകളെ ശ്രദ്ധിക്കുന്നതു നല്ലതു. RSS പ്രസ്ഥാനത്തിൽ ഉള്ള ചോ അവർകൾ തന്നെ ഇപ്രകാരം പരസ്യമായി എഴുതിയതു രാജ്യത്തിനു നല്ലത്.

## ഹിന്ദുരാജ്യം

നമ്മുടെ ക്രൈസ്തവ വേദപുസ്തകത്തിൽ എസ്ഥേർ എന്ന പുസ്തകത്തിൽ ഒന്നാം അദ്ധ്യായം ഒന്നാം വചനത്തിൽ **ഹിന്ദുദേശം** എന്നാണ് ആരംഭിക്കുന്നത്. **സിന്ധുനദി** തടപ്രദേശ സംസ്കാരം നമ്മുടെ ഇന്ത്യയുടെ പ്രാചീന സംസ്കാരം ആകുന്നു. ഈ പദം ചുരുങ്ങിയാണ് കാലക്രമത്തിൽ **സിന്ധു** എന്നതു **ഹിന്ദു** എന്ന പരിചയവാക്കായി മാറിയത്. എന്നാൽ ഹിന്ദുസംസ്കാരം ഒരു മതം അല്ല. അതി

നെയാണ് **തുക്ളക് എഡിറ്റർ ചോ** അവർകൾ ഹിന്ദു എന്ന വ്യക്തിക്കു ഹിന്ദുമത്തിൽ പ്രത്യേകമായ യാതൊരു അടയാളവും ഇല്ല എന്നു എഴുതിയതു.

മുപ്പത്തിമുക്കോടി ദേവന്മാരെയും **ഹിന്ദു** എന്ന മതത്തിൽ ഉൾക്കൊള്ളിച്ചത് **ആര്യന്മാർ** ആണെങ്കിലും ഇവർ സൂചിപ്പിക്കുന്ന **സിന്ധുനദിയും, സിന്ധു സംസ്ക്കാരവും** ഇപ്പോൾ പാകിസ്ഥാൻ ഭാഗത്താണുള്ളത്. ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ **പഞ്ചാബ്** രണ്ടായി പിരിച്ചു **പഞ്ചാബിന്റെ** പാതി പാകിസ്ഥാനിലും മറ്റു പാതി **ഇന്ത്യയിലും** ആയിത്തീർന്നു. ഇന്ത്യയിൽ ഉള്ള ഇസ്ലാമ്യർ പാകിസ്ഥാനിൽ പോകണം എന്നു പറയുന്ന ഹിന്ദുമത തീവ്രവാദികൾ, ഈ **ഹിന്ദുമത** സംസ്ക്കാരത്തിന്റെ ആരംഭസ്ഥലമായ പാകിസ്ഥാനിലെ സിന്ധുനദിയാണു അതിനു ആരംഭം. അതുകൊണ്ടു പാകിസ്ഥാനിൽ ഹിന്ദുക്കൾ തന്നെ പോകണം, ഇന്ത്യയിലെ ഇസ്ലാമ്യർ അല്ല.

ഹിന്ദുമതതീവ്രവാദികളായ RSS പ്രസ്ഥാനക്കാരുടെ യൂണിഫോം അതായതു അവർ ധരിക്കുന്ന മുട്ടുവരെ മാത്രം നീളമുള്ള ട്രൗസർ ജർമ്മനി രാജ്യത്തിലെ ക്രൂരനായ **ഹിറ്റ്ലറുടെ നാസി** തീവ്രവാദികൾ അണിഞ്ഞിരുന്ന വേഷമാകുന്നു. അവർ **ഹിറ്റ്ലർ** സർവ്വാധികാരിയുടെ ആൾക്കാർ ആയിരുന്നു അവർക്കും ഞടട പ്രസ്ഥാനത്തിലെ ആൾക്കാർക്കും ഇപ്പോൾ യാതൊരു വ്യത്യാസവും ഇല്ല.

കൂടാതെ ആർ.എസ്.എസ്, ബി.ജെ.പി, വി.എച്ച്.പി, ബജ്റംഗ്ദൾ, ശിവസേന തുടങ്ങിയ ഹിന്ദുമത തീവ്രവാദികൾ തങ്ങളുടെ പാർട്ടിയെയും തങ്ങളുടെ ആൾക്കാരെയും തിരിച്ചറിയാൻ കാവി തുണിയിൽ തങ്ങളുടെ കൊടിയും, തങ്ങളുടെ വസ്ത്രങ്ങളും തയ്ച്ചെടുക്കുന്നു. ഈ കാവി ഹിന്ദുക്കൾക്കു യോഗ്യമായ അടയാള കളർ അല്ല. ബുദ്ധമതക്കാരുടെ പ്രത്യേകമായി ബുദ്ധൻ ധരിച്ച കാവി കളർ വസ്ത്രം തങ്ങളുടെ വർഗ്ഗത്തിനു അടയാളമാക്കി കാവി പടയാളികളായി പരിചയപ്പെടുത്തുന്നു.

അതുപോലെതന്നെ ഹിന്ദുമതത്തിലേക്കു മതംമാറിയവർക്കു സർക്കാർ ആനുകൂല്യം നേടാൻ ഏതു ജാതിയെ വേണമെങ്കിലും തെരഞ്ഞെടുക്കാം എന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു വഞ്ചിയ്ക്കുന്നു. അങ്ങനെ ഏതെങ്കലും **ജാതി** തെരഞ്ഞെടുത്ത് ഒരാളിനു ആ **ജാതിയിൽ ചേരാൻ** സാധ്യമല്ല. ഒരു പ്രത്യേക ജാതിയിൽ ജനിച്ചു വളർന്നവർ ആ ജാതിക്കാരൻ എന്ന അടിസ്ഥാനത്തിലാണു ജാതിവ്യവസ്ഥ. എന്നാൽ ഏതു ജാതിയിൽ ഉള്ളവർക്കും ക്രിസ്തുവിനെ സ്വീകരിച്ചു ക്രിസ്ത്യാനി എന്നു വിളിക്കപ്പെടാം. അതേ സമയം ഒരു ക്രൈസ്തവൻ അല്ലെങ്കിൽ മുസ്ലീം ഒരു പ്രത്യേക ജാതിയിൽ ചേരുന്നു എന്നു പറഞ്ഞാൽ നിയമാനുസൃതം സർക്കാരും അതു അംഗീകരിക്കയില്ല. അതുകൊണ്ടു മാതൃമതത്തിലേക്കു മാറ്റുന്നു എന്നു പറയുന്ന ഈ തീവ്രവാദികൾ ഇന്ത്യൻ ജനതയോടു ജാതി സർട്ടിഫിക്കറ്റു വാങ്ങി തരാം എന്നു പറഞ്ഞു ജനങ്ങളെ വഞ്ചിക്കുന്നു.

**അവിശ്വാസി വേർപിരിയുന്നു എങ്കിൽ പിരിയട്ടെ** (1 കൊരി 7:15) പല ക്രൈസ്തവരും ഹിന്ദുമത്തിലേക്കു മാറികഴിഞ്ഞതായ വാർത്തകൾ നാം വായിക്കുന്നു. അതു നല്ല വാർത്തയാകുന്നു. സഭയിൽ വിശ്വാസികൾ മാത്രം അതായതു **സത്യവിശ്വാസികൾ** മാത്രം ഉണ്ടായിരുന്നാൽ മതി.

**ക്രൈസ്തവർ** എന്നു പേരുവച്ചും കൊണ്ടു പ്രാർത്ഥനയിൽ എന്റെ പേര് വിളിക്കയില്ലേ എന്നു പ്രതീക്ഷിക്കുന്ന ഇപ്രകാരമുള്ള ക്രൈസ്തവർ പ്രശ്നം ചോദിക്കുന്ന ഹിന്ദുക്കളെപ്പോലെയാകുന്നു. അങ്ങനെയുള്ളവരും, പ്രാർത്ഥനയിൽ കർത്താവു പറയാൻ പറഞ്ഞു എന്നും കർത്താവു പ്രാർത്ഥനയിൽ കാണിച്ചു എന്നും പറയുന്നവരും താനായിത്തന്നെ ഹിന്ദുമതത്തിലേയ്ക്കു പോകുന്നതു ക്രൈസ്തവ ജനങ്ങളെ സംരക്ഷിക്കുന്നതിനു സമം.

ഇങ്ങനെയുള്ളവരെ ആർ.എസ്.എസ്, ബജ്റംഗ്ദ് ആൾക്കാർ തങ്ങ ളുടെ ഹിന്ദുമതത്തിലേക്കു കൂട്ടിക്കൊണ്ടു പോയാൽ അങ്ങനെയുള്ളവർക്കു ഞാൻ നന്ദി പറയും. കാരണം ഇങ്ങനെ പരസ്യമായി സ്റ്റേജിൽ കള്ളം പറയുന്ന ദൈവവേലക്കാർ ഉണ്ടായിരുന്നാൽ എന്ത്? പോയാൽ എന്ത്? അതുപോലെ

സാക്ഷ്യമില്ലാത്ത ബിഷപ്പുമാരും സഭാപണം മോഷ്ടിക്കുന്ന ഭാരവാഹികൾ, അങ്ങനെയുള്ള ഡയോസിസ് ഭാരവാഹകിൾ എല്ലാം ഹിന്ദുമതത്തിലേയ്ക്കു പോയാൽ യഥാർത്ഥ സഭകൾ ഉണ്ടാകാൻ അവസരമുണ്ടാകും. അതുകൊണ്ടാണു ക്രൈസ്തവരെ ഹിന്ദുക്കളാക്കി മാറ്റുന്ന RSS, BJP, VHP, ബജ്റംഗ്ദൾ പോലുള്ള പ്രസ്ഥാനങ്ങൾക്കു ഞാൻ നന്ദി പറയുന്നു.

## തമിഴ്നാട്ടിലെ കള്ള പ്രവാചകന്മാർ

2014 ആഗസ്റ്റ് മാസം 14-ാം തീയതി ഹിമാലയത്തിൽ പെയ്ത കടുത്ത മഴയാൽ ഉണ്ടായ വെളളപ്പൊക്കത്താൽ ഉത്തർപ്രദേശ് സംസ്ഥാനത്തിൽ ആയിരത്തഞ്ഞൂറോളം ഗ്രാമങ്ങൾ പൂർണ്ണമായി പ്രളയത്തിൽ നശിച്ചുപോയി. ഇപ്പോൾ അവിടെ ആ ഗ്രാമങ്ങൾ ഉണ്ടായിരുന്നതായുള്ള അടയാളങ്ങൾ പോലും ഇല്ല. ആയിരക്കണക്കിനു കുടുംബങ്ങൾ നശിച്ചു. ഇത്ര വലിയ നാശനഷ്ടത്തെക്കുറിച്ചു ആകാശവാണി (കാലാവസ്ഥ നിരീക്ഷകർ) മുന്നറിയിപ്പു നൽകിയിരുന്നു. എന്നാൽ നമ്മുടെ കള്ളപ്രവാചകന്മാർക്കു ഈ ഗ്രാമങ്ങളിൽ ഉണ്ടായ ഏറ്റവും വലിയ നാശനഷ്ടത്തെ കുറിച്ചു എന്തുകൊണ്ടു ദൈവം കാണിച്ചു കൊടുത്തില്ല? ഒരു പക്ഷേ ദൈവം ഇവർക്കു കാണിച്ചു കൊടുത്തിരിക്കാം. എന്നാൽ ഇപ്പോൾ അവർ ജപ്പാൻ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലുള്ള നിലവാരങ്ങൾ ശ്രദ്ധിക്കാൻ പോയിരിക്കും എന്നു ഞാൻ കരുതുന്നു. അപ്പോൾ മാത്രമേ അടുത്ത വർഷപ്രവചനത്തിൽ ഈ രാജ്യങ്ങളെപ്പറ്റി പ്രവചനം പറയാൻ സാധിക്കയുള്ളൂ.

## തന്ത്രപ്രാർത്ഥന

കർത്താവു ഇന്നു എല്ലാവിധമായ രോഗങ്ങളും സുഖമാക്കാൻ പോകുന്നതായി പറഞ്ഞു എന്നു ഈ കള്ളദൈവവേലക്കാർ പൊതുവിൽ പ്രാർത്ഥനയിൽ പറഞ്ഞാൽ മതി. വയറുവേദന, തലവേദന, കാൻസർ, എയ്ഡ്സ്, ഡയബറ്റീസ് ഇങ്ങനെയുള്ള രോഗികൾ എല്ലാം സുഖമായതായി സാക്ഷി പറയാൻ സ്റ്റേജിൽ കയറുമല്ലോ? എല്ലാ രോഗത്തെയും സുഖമാക്കും എന്നു കർത്താവു പറഞ്ഞതുപോലെ പ്രാർത്ഥിച്ചപ്പോൾ മുകളിൽ പറഞ്ഞ എല്ലാ രോഗികളും സാക്ഷി പറഞ്ഞാൽ വളരെ യോജിച്ചതായിരിക്കുമല്ലോ! മൊത്തമായ പ്രാർത്ഥന, മൊത്ത സുഖം (Total Healing) ഇതു കേൾക്കാൻ നന്നായിരിക്കുന്നില്ലേ!



## ഒടുവിൽ ഒബാമ ഓർമിപ്പിച്ചത്
## മതസ്വാതന്ത്ര്യം മതസ്വാതന്ത്ര്യവും സമത്വവും ഓർമിപ്പിച്ച് 'ടൗൺഹാൾ' പ്രസംഗം

**മതത്തിന്റെ പേരിലുള്ള അന്തഃഛിദ്രങ്ങൾ അവസാനിപ്പിച്ചാൽ മാത്രമേ ഇന്ത്യയ്ക്കു പുരോഗതി സാധ്യമാവുകയുള്ളൂവെന്ന് യു.എസ്.പ്രസിഡന്റ് ബറാക് ഒബാമ.** ത്രിദിന ഔദ്യോഗിക സന്ദർശനത്തിന്റെ അവസാനത്തിൽ നടത്തിയ ടൗൺഹാൾ പ്രസംഗത്തിലാണ് ഒബാമ, വർഗീയ പ്രശ്നങ്ങളുടെ പേരിൽ നരേന്ദ്രമോദി സർക്കാർ നേരിടുന്ന വിമർശനങ്ങളിലേക്കു പരോക്ഷമായി വിരൽ ചൂണ്ടിയത്.

സ്ത്രീകൾ അംഗീകരിക്കപ്പെടുമ്പോൾ രാജ്യങ്ങൾ വിജയിക്കുമെന്നും ഭരണമുൾപ്പെടെ സമസ്ത മേഖലകളിലും നേട്ടം കൈവരിക്കാമെന്ന് ഇന്ത്യയിലെ സ്ത്രീകൾ തെളിയിച്ചിട്ടുണ്ടെന്നും യുവജനങ്ങളുടെ സദസിനോടു നടത്തിയ 'ടൗൺ ഹാൾ' പ്രസംഗത്തിൽ ഒബാമ പറഞ്ഞു. സ്ത്രീകൾക്കു ജോലിയും പഠനവും സാധ്യമാകുമ്പോൾ കുടുംബവും സമൂഹവുമാണ് അഭിവൃദ്ധിപ്പെടുക. ആഗോള സമ്പദ് വ്യവസ്ഥയിൽ രാഷ്ട്രങ്ങൾക്കു പുരോഗതി പ്രാപിക്കണമെങ്കിൽ, ജനസംഖ്യയുടെ പകുതിയുടെ കഴിവുകളെ അവഗണിക്കാനാവില്ല.

**എനിക്കും മിഷേലിനും ഞങ്ങളുടെ ക്രൈസ്തവ വിശ്വാസം കരുത്തു പകർന്നിട്ടുണ്ട്. മനുഷ്യന്റെ ഇരുണ്ട വികാരങ്ങൾ ഏതു സമൂഹത്തിനും ദോഷമാവാം. പലപ്പോഴും അതിനെ മുതലെടുക്കാൻ മതത്തെ ഉപയോഗിച്ചിട്ടുണ്ട്.**

**താൻ തിരഞ്ഞെടുക്കുന്ന വിശ്വാസം അനുഷ്ഠിക്കാൻ ഏതു വ്യക്തിക്കും അവകാശമുണ്ട്. ലോകത്തിൽ നാം അന്വേഷിക്കുന്ന സമാധാനം തുടങ്ങുന്നത് മനുഷ്യഹൃദയങ്ങളിലാണ്.**

ഭൂരിപക്ഷവും ചെറുപ്പക്കാരുൾപ്പെടുന്നതാണ് ഇന്ത്യയിലെ ജനസംഖ്യ. ഇന്ത്യയിലെ യുവജനങ്ങൾ ഇന്ത്യയുടെ മാത്രമല്ല, ലോകത്തിന്റെ തന്നെ ഭാവിക്കു രൂപം കൊടുക്കാനുള്ളവരാണ്. രാജ്യത്തിലെ വെല്ലുവിളികൾക്കെതിരെ യുവജനങ്ങളാണ് ശബ്ദമുയർത്തേണ്ടത്. റിപ്പബ്ലിക്ദിന വിശിഷ്ടാതിഥിയായി എത്തിയ ഒബാമയും ഭാര്യ മിഷേൽ ഒബാമയും ത്രിദിന സന്ദർശനം പൂർത്തിയാക്കി മടങ്ങി. അബ്ദുല്ല രാജാവിന്റെ ദേഹവിയോഗത്തിൽ അനുശോചിക്കാൻ സൗദി സന്ദർശിച്ചശേഷമാവും ഇരുവരും യു.എസിലേക്കു പോവുക. സൗദിയിലേക്കു പോകുന്നതിനാൽ ഒബാമയുടെ പരിപാടിയിൽ നിന്ന് താജ്മഹൽ സന്ദർശനം ഒഴിവാക്കിയിരുന്നു. വിമാനത്താവളത്തിൽ കേന്ദ്രമന്ത്രി പീയുഷ് ഗോയലും വിദേശകാര്യ സെക്രട്ടറി സുജാത സിങ്ങും ഒബാമയെയും പത്നിയെയും യാത്രയാക്കി.

ഡൽഹി സിരി ഫോർട്ട് ഓഡിറ്റോറിയത്തിൽ രണ്ടായിരത്തോളം പേരുടെ സദസാണ് ടൗൺ ഹാൾ പ്രസംഗം കേൾക്കാൻ എത്തിയത്. **ഏകദേശം 35 മിനിറ്റ് നീണ്ട പ്രസംഗത്തിൽ പകുതിയോളം സമയം സമത്വം, നാനാത്വം, മതസ്വാതന്ത്ര്യം തുടങ്ങിയ മൂല്യങ്ങളുടെ പ്രാധാന്യം വിശദീകരിക്കാനാണ് ഒബാമ ശ്രമിച്ചത്.**

**വ്യക്തികളുടെ അന്തസു കാത്തു സൂക്ഷിക്കുമെന്നാണ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിലെ പ്രതിജ്ഞ.** എല്ലാവരെയും തുല്യരായി പരിഗണിക്കുകയെന്നാണ് ഞങ്ങളുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ പറയുന്നത്.

കടുത്ത അസമത്വത്തിന്റേതായ ലോകത്തു ജീവിക്കുമ്പോഴും പാചകക്കാരന്റെ ചെറുമകന് പ്രസിഡന്റും ചായ വിതരണക്കാരനു പ്രധാനമന്ത്രിയുമാകാവുന്ന രാജ്യങ്ങളിലാണെന്നതിൽ നമുക്ക് അഭിമാനിക്കാനാവും-സ്വന്തം പശ്ചാത്തലവും പ്രധാനമന്ത്രി നരേന്ദ്രമോദിയെയും ഉദ്ദേശിച്ച് ഒബാമ പറഞ്ഞു.

മറ്റുള്ളവരിൽ അന്തർലീനമായിരിക്കുന്ന അന്തസ് തിരിച്ചറിയുമ്പോഴാണ് നാം കരുത്തരാവുന്നത്. എണ്ണമറ്റ ഭാഷകളും വർണങ്ങളും ജാതികളും, ലിംഗഭേദവുമുൾപ്പെടുന്നതാണ് ഇന്ത്യ. അമേരിക്കയിൽ കറുത്തവരും വെള്ളക്കാരും ലാറ്റിനോകളും ഏഷ്യക്കാരും ഇന്ത്യൻ അമേരിക്കക്കാരും ലാറ്റിനോ അമേരിക്കക്കാരുമുണ്ട്. ഇരുരാജ്യങ്ങളിലും നാനാത്വമാണ് ശക്തി.

നൂറ്റാണ്ടു മുമ്പ് ഷിക്കാഗോയിൽ സ്വാമി വിവേകാനന്ദൻ മതപാർലമെന്റിൽ നടത്തിയ പ്രസംഗം അനുസ്മരിച്ച് സദസിനെ 'ഇന്ത്യയിലെ സഹോദരീ സഹോദരന്മാരേ!" എന്ന് അഭിസംബോധന ചെയ്ത ഒബാമ ഇങ്ങനെ തുടർന്നു. നാം പങ്കുവയ്ക്കുന്ന മൂല്യങ്ങളിൽ അടിവേരുറച്ചതാണ് നിങ്ങളുടെ രാഷ്ട്രത്തിൽ എനിക്കുള്ള വിശ്വാസം. ചരിത്രവും ഭാഷകളും ഭിന്നമാവാമെങ്കിലും നാം പരസ്പരം കാണുന്നത് സ്വന്തം പ്രതിഫലനങ്ങളാണ്.

അമേരിക്കൻ ഭരണഘടനയുടെ ആദ്യ ഭേദഗതിതന്നെ മതസ്വാതന്ത്ര്യ സംബന്ധിയായിരുന്നു. നിങ്ങളുടെ ഭരണഘടനയുടെ 25-ാം വകുപ്പ് പറയുന്നത് വ്യക്തികൾക്ക് മതത്തിൽ വിശ്വസിക്കാനും അത് ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചാണ്. ഇരുരാജ്യങ്ങളിലും, എല്ലാ രാജ്യങ്ങളിലും, മതപരമായ മൗലിക സ്വാതന്ത്ര്യം സംരക്ഷിക്കേണ്ടത് സർക്കാരിന്റെയും വ്യക്തികളുടെയും ഉത്തരവാദിത്തമാണ്.

മൂന്നു വർഷംമുമ്പ് യു.എസിലെ വിസ്കോൻസിനിൽ ഗുരുദ്വാരയിലുണ്ടായ ആക്രമണത്തിൽ ഇന്ത്യക്കാരും അമേരിക്കാരുമായ ആറു പേർ കൊല്ലപ്പെട്ടത്. ചൂണ്ടിക്കാട്ടി ഒബാമ പറഞ്ഞു. ദുഃഖം പങ്കു

വച്ച ആ നാളുകളിൽ ഇരുരാജ്യങ്ങളും ഊന്നിപ്പറഞ്ഞ അടിസ്ഥാന സത്യം ഇന്നും ആവർത്തിക്കേണ്ട തുണ്ട്. ഏതൊരാൾക്കും തന്റെ വിശ്വസത്തിന്റേതായ സ്വാതന്ത്ര്യമുണ്ട്. ഭയരഹിതമായി വിശ്വാസം അനുഷ്ഠിക്കാനുള്ള സ്വാതന്ത്ര്യമെന്ന അടിസ്ഥാനമൂല്യം ഇന്ത്യയ്ക്കു സുപ്രധാനമാണ്.

## വേണ്ടത് ഹിന്ദുരാഷ്ട്രം : തൊഗാഡിയ

ഹിന്ദുവിന്റെ സുരക്ഷിതത്വത്തിനും നിലനിൽപിനും ഭരണഘടനാപരമായ ഹിന്ദുരാഷ്ട്രമാണു വേണ്ടതെന്ന് വിശ്വഹിന്ദു പരിഷത്ത് അന്തർദേശീയ വർക്കിങ് പ്രസിഡന്റ് ഡോ.പ്രവീൺ തൊഗാഡിയ. ഇന്ന് ഹിന്ദു ഒരിടത്തും സുരക്ഷിതരല്ല. മതപരിവർത്തനത്തിന് ഇരയാകുന്ന വിഭാഗം ഹിന്ദുമാത്രമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വിശ്വഹിന്ദു പരിഷത്ത് സുവർണജയന്തിയുടെ ഭാഗമായി ഹിന്ദുമഹാസമ്മേളനത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു തൊഗാഡിയ.

2000 വർഷം മുമ്പ് ലോകത്തിൽ ഹിന്ദുമാത്രമായിരുന്നു. മതപരിവർത്തനം വഴിയാണു മറ്റെല്ലാം പിന്നീട് ഉണ്ടായത്. ഹിന്ദുവിന്റെ സ്വത്തും ഭൂമിയും വ്യാപാരവും സർവസ്വവും കൊള്ളയടിച്ചു കൊണ്ടു പോയി. നമ്മുടെ വീടും ഗ്രാമങ്ങളും ക്ഷേത്രങ്ങളുമെല്ലാം തകർന്നു. 1947–ൽ ഭാരതത്തിൽ 86 ശതമാനമായിരുന്ന ഹിന്ദു ഇന്ന് 79 ശതമാനമായി കുറഞ്ഞു.

അത് ഇനി 29 ശതമാനമാകാൻ പാടില്ല. മതപരിവർത്തനത്തെ ശക്തിയായി ചെറുക്കുകയും വീട്ടിലേക്കു മടങ്ങൽ (ഘർ വാപസി) പ്രോൽസാഹിപ്പിക്കുകയും വേണം. ഏകീകൃത സിവിൽ നിയമം ഉണ്ടാവണമെന്നു പറഞ്ഞ തൊഗാഡിയ ബംഗ്ലാദേശിൽ നിന്നുമുള്ള മുസ്ലീങ്ങളുടെ കടന്നുകയറ്റം അനുവദിക്കാൻ പാടില്ലെന്നും കടന്നുകൂടിയ ബംഗ്ലാദേശുകാരെ ധാക്കയിലേക്കു തിരികെ അയയ്ക്കണമെന്നും അഭിപ്രായപ്പെട്ടു. ❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER JAMAKKARAN (FORM IV)**

1. Title of the news paper : **JAMAKKARAN**
2. Language(s) in which it is published : **TAMIL / MALAYALAM**
3. Place of publication : 89,Majeeth Street, Old Suramangalam, Salem - 636 005.
4. Periodicity of its publication : Monthly
5. Printer's name : M.Velu
   (whether citizen of India) : Indian
   Address : P.M.Press, 168,Arumuga Nagar, Salem-636 005
6. Publisher & Editor's name : **Dr.M.G.E.PUSHPARAJ**
   (whether citizen of India) : Indian
   address : 89,Majeeth Street, Old Suramangalam. Salem - 636 005

I, **Dr.M.G.E.PUSHPARAJ** hereby declare that the particulars given above are true to the best of my knowledge and belief.

Dated: 10.3.2015
Salem - 5

**Dr.M.G.E.PUSHPARAJ**
Signature of Publisher & Editor

# ചോദ്യോത്തരങ്ങൾ:

## ജാമക്കാരന്റെ മറുപടികൾ

തുറന്ന മനസ്സോടെ എഴുതുന്നു : ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും...

**1. ചോദ്യം :** മറ്റു ദൈവവേലക്കാരെല്ലാം തങ്ങളുടെ വാരികകളുടെ എഡിറ്റോറിയൽ എഴുതുമ്പോൾ ആരംഭ വരികളിൽ ഇത് എന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും എഴുതുന്നു എന്നും മനസുതുറന്ന് എഴുതുന്നു എന്നും എഴുതിക്കാണാറുണ്ട്. നിങ്ങൾ നിങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും എപ്പോൾ എഴുതുവാൻ തുടങ്ങും?

**ഉത്തരം :** എപ്പോഴാണ് ഹൃദയം ഒന്ന് വിചാരിക്കുമ്പോൾ വായ മറ്റൊന്ന് സംസാരിക്കുന്നതോ അപ്പോൾ അത് ഒരിക്കലും വാസ്തമായ വസ്തുതകളായിരിക്കയില്ല. ദൈവം വചനത്തിൽ പറഞ്ഞിരിക്കുന്നതു പോലെ അവർ എന്നെ ആധരങ്ങളാൽ സ്തുതിക്കയും, അവരുടെ ഹൃദയം എന്നിൽ നിന്ന് അകന്നിരിക്കുന്നു എന്നതുപോലെ മനസുതുറന്ന് എഴുതുന്നു എന്നവകാശപ്പെടുന്നവരെല്ലാം എല്ലായ്പ്പോഴും സത്യം സംസാരിക്കുന്നില്ല എന്നത് മനസിലാക്കേണ്ടതാണ്. ഇങ്ങനെയുള്ളവർ എപ്പോഴെങ്കിലും ഒരിക്കൽ മാത്രമാണ് മനസുതുറക്കുന്നത് എന്നും ഹൃദയപൂർവ്വം സംസാരിക്കുന്നത് എന്നും മനസിലാക്കേണ്ടിയിരിക്കുന്നു. ആയിനാൽ എന്താണ് ഇവർ എല്ലായ്പ്പോഴും മനസുതുറന്ന് സംസാരിക്കാതിരിക്കുന്നത് എന്ന് എനിക്ക് മനസിലാവുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ എപ്പോഴും എല്ലാ സമയത്തും എന്റെ ഹൃദയം എന്ത് പറയുന്നുവോ അത് മാത്രമാണ് സംസാരിക്കുന്നത്, എഴുതുന്നത്. അതുകൊണ്ട് തന്നെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് തുടങ്ങിയ മുഖവുര എനിക്ക് ഉപയോഗിക്കേണ്ടിവരുന്നില്ല.

**വ്യക്തമായി കാണിക്കുന്നു, വ്യക്തമായി സംസാരിക്കുന്നു...**

മറ്റുചിലർ പ്രാർത്ഥിച്ച് കർത്താവ് തെളിവായി സംസാരിക്കുന്നു. വ്യക്തമായി കാണിക്കുന്നു എന്നൊക്കെ പറയുന്നു. മുകളിൽ പറഞ്ഞതുപോലെ ഈ വാക്കുകളും സത്യസന്ധതയില്ലാത്തതത്രേ.. ഇപ്പോൾ വ്യക്തമായി എങ്കിൽ ഇതിന് മുൻപ് കർത്താവറിയിച്ച കാര്യങ്ങൾ, പേരുകൾ, രോഗങ്ങൾ എല്ലാം തെളിവില്ലാതെയും അവ്യക്തമായതും ആയിരുന്നിരിക്കണം. ഇപ്പോൾ വ്യക്തമായി കർത്താവ് സംസാരിക്കുന്നു വ്യക്തമായി കാണിക്കുന്നു എന്നു പറയുമ്പോൾ മുൻപു കാണിച്ചതെല്ലാം അവ്യക്തമാണ് എന്നുവേണം കരുതാൻ. എന്തായാലും ഇവരെയും ഇവരുടെ കൂട്ടായ്മയെയും വിശ്വസിക്കുന്നഒരുകൂട്ടമാളുകൾ ഉണ്ട് എന്നതാണ് വസ്തുത. ഇവരെ അന്ധമായി വിശ്വിസിച്ച് ഇവർക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു കൂട്ടം ജനങ്ങൾ അന്ധതയിൽ... ഇങ്ങിനെയുള്ള അന്ധത ബാധിച്ച 'വേലക്കാരെ' വിശ്വസിക്കാനും ആളുകളുണ്ടാവുമ്പോൾ നാം എന്തു ചെയ്യും. ?

ചോദ്യം സഹോ : മോഹൻ സി ലാസറസ് പറയുമ്പോൾ " ഞങ്ങളുടെ കൂട്ടായ്മ വളരെ വലുത്, ആയിരങ്ങൾ സംബന്ധിക്കുന്നു. ഞങ്ങളെ വിമർശിക്കുന്ന ജാമക്കാരൻ പോലുള്ള എഴുത്തുകാർക്ക് അസൂയ അധികമായതിനാൽ അവർ അങ്ങിനെ മാത്രമേ എഴുതൂ" ഈ പ്രസ്താവനയെക്കുറിച്ച് എന്ത് പറയുന്നു?

ഉത്തരം : രണ്ട് കച്ചവടക്കാർ തമ്മിൽ അസൂയ ഉണ്ടാവുന്നത് സ്വാഭാവികം. അടുത്ത കടക്കാരൻ തന്നെക്കാൾ അധികം കച്ചവടം നടത്തുമ്പോൾ മറ്റയാൾക്ക് അസൂയ ഉണ്ടായേക്കാം. ഇങ്ങിനെയുള്ള കാര്യങ്ങൾക്ക് അസൂയ എന്ന പദം യോജിക്കും. ഞാൻ വ്യാപാരി അല്ല. ഞാൻ സാമ്പത്തിക നേട്ടം പ്രതീക്ഷിക്കുന്നവനും അല്ല. അങ്ങിനെയുള്ളപ്പോൾ മോഹൻ സി ലാസറിനോട് എനിക്ക് എങ്ങനെ അസൂയ ഉണ്ടാവും. എന്റെ വിശ്വാസവേലയിൽ എനിക്ക് ഒരിക്കലും സാമ്പത്തിക കുറവ് അനുഭവപ്പെട്ടിട്ടില്ല. അതിനാൽ എനിക്ക് അസൂയ ഉണ്ടാകേണ്ട കാര്യവുമില്ല.

നാലുമാവടിക്കാരനെക്കാൾ സായിബാബക്ക് ധാരാളം വിശ്വാസികളുണ്ട്. ശബരിമലയിൽ അതിലുമധികം, തിരുപ്പതിയിൽ പിന്നെയുമധികം, വേളാങ്കണ്ണിയിൽ, പഴനി മലയിൽ എല്ലായിടത്തും ധാരാളം ആളുകൾ. ഇവരെക്കുറിച്ച് ഓർത്തിട്ടാണ് മോഹൻ സി ലാസറസ് 'തിറപ്പിൽ വാസൽ' എന്ന കൂട്ടായ്മയോട് ചേർന്ന് മുകളിൽ പറഞ്ഞിരിക്കുന്നവരെ ശപിച്ച് അവരുടെ ആരാധനാലയങ്ങൾ തകരും എന്നും മണ്ണോടുമണ്ണായിത്തീരും എന്നും പ്രാർത്ഥിക്കുന്നത്. ഇതാണ് യഥാർത്ഥത്തിൽ അസൂയയിൽ നിന്നും ഉടലെടുക്കുന്ന പ്രാർത്ഥന. നാലുമാവടിക്ക് സാമ്പത്തിക സഹായം നൽകുന്നവരാരും എനിക്ക് പണമയക്കുന്നില്ല. അവിടെ പോകുന്ന ആളുകൾ എന്റെയടുത്ത് വരുന്നുമില്ല. പിന്നെ എനിക്ക് എങ്ങനെ അവരോട് അസൂയ ഉണ്ടാകും?

ഞാൻ നടത്തുന്ന സുവിശേഷ പ്രവർത്തനങ്ങൾ കഴിഞ്ഞ 51 വർഷങ്ങളായി ഉയർച്ചതാഴ്ചകളില്ലാതെ ക്രമമായി, വിജയകരമായി, കടബാധ്യതകളില്ലാതെ, സാമ്പത്തിക പ്രശ്നങ്ങളില്ലാതെ സുഗമമായി നടക്കുന്നു. പിന്നെ എങ്ങിനെയാണ് ഞാൻ ഇവരെയോർത്ത് അസൂയപ്പെടുന്നത്. ഇക്കൂട്ടരുടെയടുക്കലേക്ക് പോകുന്ന ജനം വചനം കേൾക്കാനല്ല – മാനസിക സന്തോഷത്തിനും അവരുടെ പേര് പ്രാർത്ഥനയുടെ ഇടയിൽ വിളിച്ച് പറയുന്നത് കേൾക്കുവാനും വേണ്ടി കടന്നുപോകുന്ന വചന അടിസ്ഥാനമില്ലാത്ത ജനമത്രേ.

എന്നാൽ എന്റെ കൂട്ടായ്മയിലേക്ക് കടന്നുവരുന്നവർ വേദ വചനത്തിന് ഇത്രമാത്രം ആഴമേറിയ അർത്ഥങ്ങളുണ്ടോ എന്നും ഇത്രനാൾ ഞാൻ ഇതറിഞ്ഞിരുന്നില്ലല്ലോ എന്നും ചിന്തിച്ചുകൊണ്ട് വചനം പഠിക്കുവാൻ കിലോമീറ്ററുകൾ കടന്നുവന്ന് തിരുവചന സത്യങ്ങളുടെ ആഴങ്ങളെ മനസിലാക്കി കടന്നുപോകുന്നവരാണ്. ഇത്തരത്തിലുള്ള ചെറിയ ജനക്കൂട്ടത്തെയാണ് എനിക്കിഷ്ടം.

അനേക വർഷങ്ങൾക്ക് മുൻപ് കേരളത്തിൽ കുറുപ്പും പടി എന്ന സ്ഥലത്ത് പ്രസംഗിക്കുവാനായി എന്നെയും ഡോ: തിയോഡർ വില്യംസ്നെയും വിളിച്ചിരുന്നു. ഡോ: തിയോഡർ വില്യംസ് ബൈബിൾ കോളേജിൽ എന്റെ അധ്യാപകനായിരുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ തിരുവചന ജ്ഞാനം ആരേയും അത്ഭുതപ്പെടുത്തുന്നാണ്.

ആ കൺവെൻഷനിൽ പകൽ സെക്ഷനിൽ ഡോ: തിയോഡർ വില്യംസ് സംസാരിക്കേണ്ടിയിരുന്നു. രാത്രിയിൽ ഞാനും, എന്ന് നോട്ടീസിൽ അച്ചടിച്ചിരുന്നത് കണ്ട് ഞാൻ അതിശയിച്ചു. ഒരു പക്ഷേ ഡോ: തിയോഡറിനെക്കുറിച്ചും അദ്ദേഹത്തിന്റെ വേദ പാണ്ഢ്യത്യത്തെക്കുറിച്ചും സംഘാടകർക്ക് അറിയില്ലായിരിക്കും എന്ന് ഞാൻ കരുതി. ഞാൻ അവിടെ എത്തിയ ഉടൻ തന്നെ സംഘാടകരെ വിളിച്ച് ഡോ: തിയോഡർ വില്യംസ് എന്നെക്കാൾ ലോകപ്രശസ്തനായ് വേദ പണ്ഢിതനാണ് എന്നും ആളുകൾ ധാരാളമായി കടന്നുവരുന്ന സന്ധ്യാ സെക്ഷനിൽ അദ്ദേഹം പ്രസംഗിക്കട്ടെ. ഞാൻ പകൽ പ്രസംഗിച്ചുകൊള്ളാം എന്നും പറഞ്ഞു. മാത്രമല്ല അദ്ദേഹം ഞാൻ വളരെ ബഹുമാനിക്കുന്ന എന്റെ ഗുരുവാണ് എന്നും പറഞ്ഞു. എന്നാൽ ഈ ഏർപ്പാടുകളെല്ലാം ഡോ: തിയോഡാർ വില്യംസ് നേരിട്ടാണ് ചെയ്തിരിക്കുന്നത് എന്ന് സംഘാടകർ അറിയിച്ചു.

അന്ന് രാത്രി യോഗത്തിന് ശേഷം ഒരു ഡോക്ടറിന്റെ ഭവനത്തിലെ അത്താഴവിരുന്നിൽ ഡോ: തിയോഡർ വില്യംസ് എന്നോട് 'കൺവെൻഷൻ സംഘാടകരുമായി പ്രോഗ്രാമിന്റെ നടത്തിപ്പിനെക്കുറിച്ച് വഴക്കുണ്ടാക്കിയതായി അറിഞ്ഞല്ലോ, താങ്കളുടെ ഉദ്ദേശ ശുദ്ധിയെക്കുറിച്ചും, എന്നോടുള്ള ബഹുമാനത്തെക്കുറിച്ചും എനിക്കറിയാം. എന്നാൽ കേരളത്തിലെ പൊതുജനങ്ങളോട് ആകർഷകമായി സംസാരിക്കുവാൻ എന്നെക്കാളധികം താങ്കൾക്ക് കഴിയും ഞാൻ പ്രസംഗിക്കുന്നതിനേക്കാൾ താങ്കളുടെ പ്രസംഗത്തോടാണ് ജനങ്ങൾക്ക് താൽപ്പര്യം ഉണ്ടാവുക എന്നും അതുകൊണ്ടാണ് രാത്രി കൺവെൻഷനിൽ താങ്കൾ സംസാരിക്കുവാനുള്ള ഏർപ്പാട് ചെയ്തത് പത്തുപേരോടായാലും വചനം പഠിപ്പിക്കുന്നതിനാണ് നടത്തുവാനാണ് എനിക്ക് താൽപര്യം അത് ഞാൻ ഉത്സാഹത്തോടെ ചെയ്യും, അതാണ് എനിക്കിഷ്ടം എന്നും പറഞ്ഞു.

അദ്ദേഹത്തിന്റെ മഹാമനസ്കത എന്നെ വളരെ സ്പർശിച്ചു. അത് പിന്നീടുള്ള എന്റെ ക്രിസ്തീയ ജീവിതത്തിലും ദൈവവേലയിലും ഒരു പാഠമായി ഞാൻ ഹൃദയത്തിൽ സ്വീകരിച്ചു. അന്നുമുതൽ വലിയ ജനാവലിയുടെ മദ്ധ്യേമാത്രമേ പ്രസംഗിക്കൂ എന്നോ - ചെറിയ യോഗങ്ങളിൽ പ്രസംഗിക്കയില്ല എന്നോ ഉള്ള ചിന്തകൾ ഉണ്ടാവാതിരിക്കുവാൻ ഡോ: തിയോഡറിന്റെ എളിമയും കടന്നു വരുന്ന ജനത്തെക്കുറിച്ചുള്ള ആത്മപരവും എനിക്ക് പ്രചോദനമായി.

ഡോ: തിയോഡർ വില്യംസിന് എന്റെ പ്രസംഗം കേൾക്കുവാൻ വരുന്ന ജനാവലി കണ്ടിട്ടോ, ജനങ്ങളുടെ എന്നിലുള്ള പ്രതീക്ഷകളെ കുറിച്ചോ യാതൊരുവിധ അസൂയയും ഉണ്ടായിരുന്നില്ല എന്നുള്ളത് സ്പഷ്ടം. മോഹൻ സി ലാസറസു പറയുന്നതുപോലെയുള്ള അസൂയ അദ്ദേഹത്തിനുണ്ടായിരുന്നു എങ്കിൽ അത്ര വലിയ ഒരു ജനാവലിയുടെ മദ്ധ്യേ അദ്ദേഹം സ്വയം മാറിനിന്നുകൊണ്ട് എനിക്ക് അവസരം നൽകുകയില്ലായിരുന്നു.

നാലുമാവടി മോഹൻ സി ലാസറസിനെക്കുറിച്ച് പോണ്ടിച്ചേരിയിലെ സുവിശേഷകൻ സാംസൺ പോൾ എഴുതിയത് പോലെ ഇവരെല്ലാം തങ്ങളുടെ തെറ്റായ ഉപദേശത്തെ മറയ്ക്കുവാനായി തെറ്റുചൂണ്ടിക്കാണിക്കുന്ന മറ്റ് ശുശ്രൂഷകരെ അസൂയക്കാർ എന്നു പറഞ്ഞ തന്നെയും തന്റെ തെറ്റുകളേയും വിശ്വസ്തതയോടെ ദൈവ വേല ചെയ്യുന്നവർ ഉന്നയിക്കയാണ് ചെയ്യുന്നത് മറച്ചുപിടിക്കുന്നു എന്നതു എത്ര വാസ്തവം.

വചനപരിജ്ഞാനമുള്ള വിശ്വാസികൾ, മനംതിരിഞ്ഞ് ദൈവവചനത്തിന് ചെവികൊടുക്കുന്ന ജനങ്ങൾ, വിശ്വസ്തതയോടെ പ്രാർത്ഥിക്കുന്ന ദൈവജനം സഹോ: സാംസൺ പോൾ, ഡോ: പുഷ്പരാജ്, ഡോ: സാം കമലേശൻ, ഡോ: തിയോഡർ വില്യംസ് തുടങ്ങിയവരെ ഇഷ്ടപ്പെടുന്നുവല്ലോ എന്ന ചിന്തയാണ് മോഹൻ സി ലാസറിനെ അലട്ടുന്നത്.

ഞങ്ങൾ അസൂയക്കാർ, മറ്റുള്ളവരെ കുറ്റം പറയുന്ന ആത്മാവുള്ളവർ എന്ന് അവർ പ്രസംഗിക്കുന്നു. പാവങ്ങൾ ഇവർക്ക് വേണ്ടി പ്രാർത്ഥിക്കുവിൻ, ഇവർ പ്രാർത്ഥനയിൽ കള്ള പ്രവചനവും വിളിക്കരുത്. കള്ളത്തരങ്ങൾ കാണിക്കുന്നതും ഒഴിവാക്കുവാൻ വേണ്ടിയും ഇവരുടെ മാനസാന്തരത്തിനു വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

മഹാത്മഗാന്ധി യുടെ ചിത്രം ചോദ്യം : മഹാത്മാഗാന്ധിയുടെ ചിത്രം ആലേഖനം ചെയ്ത് ഗാന്ധി ബിയർ എന്ന പേരിൽ അമേരിക്കയിൽ മദ്യം വിറ്റതിൽ നമ്മുടെ പ്രധാനമന്ത്രി പ്രതിഷേധം രേഖപ്പെടുത്താത്തത് എന്ത്കൊണ്ട്? ബി.ജെ.പി ഗവൺമെന്റും പ്രതിഷേധിക്കുകയുണ്ടായില്ല എന്തുകൊണ്ട്?

ഉത്തരം : തന്റെജീവിതം തന്നെയും താൻ പഠിച്ച ബാർ അറ്റ് ലോ എന്ന ഉയർന്ന വക്കീൽ ഡിഗ്രിയും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി തള്ളിക്കളഞ്ഞ് തനിക്ക് അനുഭവിക്കാമായിരുന്ന സൗഭാഗ്യ ജീവിതവും അവഗണിച്ച് തമിഴ്നാട്ടിലെ ഗ്രാമീണർ മേൽവസ്ത്രമില്ലാതെ ഉണ്ണാനും, ഉടുക്കാനും ഒന്നും ഇല്ലാത്ത അവസ്ഥ കണ്ട എല്ലാവർക്കും ഉടുക്കുവാൻ വസ്ത്രം ലഭിക്കുന്നതുവരെ താനും പാന്റ്സും കോട്ടും വിലകൂടിയ വസ്ത്രങ്ങളും ഉപയോഗിക്കില്ല എന്ന് ശപഥം

ചെയ്ത് ജീവിച്ച് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനായി ജയിൽ ശിക്ഷ അനുഭവിച്ച് പീഠനങ്ങൾ സഹിച്ച് ഒടുവിൽ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും നമുക്ക് സ്വാതന്ത്ര്യവും നേടിത്തന്ന ജനാധിപത്യഭരണവും നന്ദി ബി.ജെ.പിക്കോ, മോഡിക്കോ ഉണ്ടായിരുന്നുവെങ്കിൽ രാഷ്ട്രപിതാവായ ഗാന്ധിജി ഇന്ത്യയെ മദ്യപാന ആസക്തിയിൽ നിന്നും രക്ഷിക്കണമെന്നും നല്ല തലമുറയെ വാർത്തെടുക്കണമെന്നും ചിന്തിച്ച് പ്രവർത്തിച്ച അദ്ദേഹത്തെ അപമാനപ്പെടുത്തുന്ന രീതിയിൽ ചിത്രം മദ്യക്കുപ്പിയിൽ ആലേഖനം ചെയ്ത കമ്പനിയോടും അതനുവദിച്ച അമേരിക്കൻ സർക്കാരിനോടും ഇന്ത്യയുടെ എതിർപ്പ് അറിയിക്കേണ്ടിയിരുന്നു.

ഇവർക്ക് ദേശഭക്തി എന്ന പദം രാഷ്ട്രീയ കച്ചവടത്തിൽ ഉപയോഗിക്കുവാൻ മാത്രം ഉള്ളതാണ്. ഇവർ ദേശഭക്തി ഉള്ളവരായിരുന്നു എങ്കിൽ രാഷ്ട്രപിതാവിനെ ക്രൂരമായി വധിച്ച ഗോഡ്സേ എന്ന ആർ.എസ്.എസ് കിരാതന്റെ ചെയ്തികളെ ന്യായീകരിച്ചുകൊണ്ട് അയാൾക്ക് വേണ്ടി ക്ഷേത്രം പണിയുവാൻ ഭൂമി പൂജ ചെയ്ത അയാളെ ത്യാഗിയായി ചിത്രീകരിക്കുവാൻ ശ്രമിക്കില്ലായിരുന്നു.

കൊലയാളിക്കുവേണ്ടി അമ്പലം പണിയുന്നു. കേൾക്കുമ്പോൾ തന്നെ ലജ്ജതോന്നുന്നു. ഇതാണ് ഇന്നത്തെ ഇന്ത്യയുടെ** രാഷ്ട്രീയം ശ്രീലങ്കയുടെ ചരിത്ര ചക്രം കറങ്ങുന്നു.

ലോകം വളരെ ശ്രദ്ധയോടെ നോക്കിക്കണ്ട ഒരു തിരഞ്ഞെടുപ്പാണ് സമീപകാലത്ത് ശ്രീലങ്കയിൽ നടന്നത്. ഒരു യുദ്ധകുറ്റവാളിയായി ആരോപണമുന്നയിക്കപ്പെട്ട രാജപക്സെ വീണ്ടും അധികാരത്തിൽ എത്തുമോ എന്ന് ഞാൻ യാത്ര ചെയ്ത എല്ലാ രാജ്യത്തെയും വിശ്വാസികൾ ആകാംഷയോടുകൂടി അന്വേഷിച്ച ഒരു വിഷയം ആയിരുന്നു കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അദ്ദേഹം മികവൊത്ത രാജ്യതന്ത്രമായിരുന്നു കാഴ്ച വച്ചത്. ശ്രീലങ്ക, സിംഹള ആധിപത്യത്തിൽ കീഴിലാണെങ്കിലും അവിടുത്തെ തിരഞ്ഞെടുപ്പിലെ വിജയത്തിന്റെ നിർണ്ണായക ശക്തി തമിഴ് ജനതയായിരുന്നു. അതിനാൽ ലങ്കയിലെ തമിഴരുടെ ഇടയിൽ പ്രത്യേകാൽ സൈനീക നടപടിയിലൂടെ രാജപക്സെ കൊന്നുതളളിയ ജാഫ്നാ തമിഴരുടെ ഇടയിൽ അദ്ദേഹം വോട്ട് അഭ്യർത്ഥിച്ച് ചുറ്റി നടന്നിരുന്നു.

തിരഞ്ഞെടുപ്പിൽ ജയിച്ച മൈത്രിപാല സിരിസേനയെ ഉദ്ദേശിച്ച് രാജപാക്സെ തമിഴരോട് വോട്ട് അഭ്യർത്ഥിച്ചത് ഇപ്രകാരമാണ്. " അറിയാത്ത ദേവതയെക്കാൾ അറിയാവുന്ന പിശാചിനെ വിശ്വസിക്കുന്നത് നല്ലത്" ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന തെരഞ്ഞെടുപ്പ് പ്രചരണ മുദ്രാവാക്യം.

മേൽപ്പറഞ്ഞ മുദ്രാവാക്യം ഒരു ആംഗലേയ പഴം ചൊല്ല് ആണെങ്കിൽ തന്നെയും തന്നെ പിശാച് എന്ന് വർണ്ണിച്ചത് ലങ്കയിലെ തമിഴരെ സംബന്ധിച്ച് വാസ്തവമായ കാര്യമായിരുന്നു. യുദ്ധകാലത്ത് രാജപക്സെ അവർകൾ പിശാചിനെപോലെ തന്നെയായിരുന്നു. ലോകത്തിലെ ആദ്യ പിശാചായ ലൂസിഫർ ഏദൻതോട്ടത്തെ ധ്വംസനം ചെയ്തതുപോലെ ജാഫ്നയിലെ തമിഴ് ജനതയെ തേടിതേടി കൊന്നുതള്ളി യാതൊരു മാനുഷിക പരിഗണനയും നൽകാതെ അതി ക്രൂരമായാണ് അവിടെ നരവേട്ട നടത്തിയത്. ഇത്രയും അവരോട് ചെയ്തിട്ടും തിരഞ്ഞെടുപ്പ് കാലത്ത് അവരെ നേരിൽ കണ്ട് വോട്ടഭ്യർത്ഥിക്കാൻ രാജപക്സെ മടികാണിച്ചില്ല എന്നുമാത്രമല്ല ലക്ഷങ്ങൾ ചിലവിട്ട് തന്റെ പൂർണ്ണകായ ചിത്രങ്ങൾ ജാഫ്നയുടെ തെരുവുകളിൽ തിരഞ്ഞെടുപ്പ് പ്രചരണത്തിനായി സ്ഥാപിച്ച കാഴ്ചകൾ ലോകം കണ്ടു. പഴയതെല്ലാം ദയവായി മറക്കുവാനും, തുടർന്ന് നിങ്ങളുടെ സംസ്ഥാനത്തിന്റെ ഉന്നമനത്തിനായി ഞാൻ പാടുപെടും എന്നെല്ലാം രാജപക്സെ വാഗ്ദാനങ്ങൾ ചെയ്ത് തന്നെ വിജയിപ്പിക്കുവാൻ അഭ്യർത്ഥിച്ചപ്പോൾ 'ഞങ്ങൾ എന്ത് മറക്കണം പിശാചേ' എന്ന വാചകം തലക്കെട്ടാക്കി ലഘുലേഖകൾ അച്ചടിച്ച് ജാഫ്നക്കാർ പ്രതികരിച്ചു.

അതിൽ ഞങ്ങൾ എന്ത് മറക്കണം പിശാചേ, എന്റെ ഭർത്താവിനെ, കുട്ടികളെ ചോരകുഞ്ഞുങ്ങളെ കൊന്നത് ഞങ്ങൾ മറക്കണമോ?, കൈകൾ നഷ്ടപ്പെട്ട്, കണ്ണുകൾ കാണാതായി, കാലും കൈകളും ഇല്ലാത്തവരായി ഞങ്ങളുടെ ജീവിതത്തെതന്നെ വഴിമുട്ടിച്ചില്ലേ? എതിർത്തുനിൽക്കുവാൻ ആളില്ലാത്ത ശ്മശാനഭൂമിയാക്കി നീ ജാഫ്നയെ മാറ്റിയില്ലെ? ഞങ്ങളുടെ സ്ത്രീകളെ നീ ബലാൽസംഗം ചെയ്തത് ഞങ്ങൾ മറക്കണമോ, ഇന്ത്യ ഞങ്ങൾക്ക് നിർമ്മിച്ചു തന്ന വീടുകളിൽ സിംഹളരെ കുടിയിരുത്തി ഞങ്ങളെ മുൾവേലിക്കുള്ളിൽ അടച്ചിരിക്കുന്നത് ഞങ്ങൾ മറക്കണമോ? എന്താണു ഞങ്ങൾ മറക്കേണ്ടത്?

തമിഴർ ഹൃദയവേദനയോടെ ചോദിച്ച ഈ ചോദ്യങ്ങൾ രാജപക്സെയുടെ വിജയ പ്രതീക്ഷക്കേറ്റ് കനന്ത പ്രഹാരമായി മാറി. അപ്പോൾ തന്നെ താൻ തോറ്റുപോകും എന്ന യാഥാർത്ഥ്യം മനസി

ലാക്കിയ രാജപക്സെ തനിക്ക് വിശ്വാമുള്ള സേനാമേധാവികളെ നേരിൽ കണ്ട് തിരഞ്ഞെടുപ്പിൽ തോൽവി സംഭവിച്ചാൽ കൂലി പട്ടാളത്തെക്കൊണ്ട് കൊളംബോയിൽ വിപ്ലവം ഉണ്ടാക്കി ഭരണം അട്ടിമറിച്ച് പട്ടാള ഭരണം സ്ഥാപിച്ച് പാക്കിസ്ഥാനിലെപ്പോലെ ഇനിയും കുറച്ചുകാലം അധികാരത്തിൽ തുടരാം എന്ന പദ്ധതി ഇന്ത്യയുടെ രഹസ്യാന്വേഷണ വിഭാഗം ശ്രീലങ്കയുടെ പ്രതിരപക്ഷത്തെ അറിയിച്ചത്. ലങ്കയിൽ പട്ടാളം അധികാരത്തിൽ എത്തുന്നതിന് തടഞ്ഞു.

തോൽവിയുടെ വാർത്ത വന്ന ഉടനെ രാജ്യം വിടുവാൻ രാജപക്സെ പദ്ധതിഇട്ടു. അതിന് കഴിഞ്ഞില്ല. കാരണം എതിർകക്ഷികൾ രാജ്പക്സെയുടെ പ്രവർത്തികൾ ശ്രദ്ധയോടെ വീക്ഷിക്കുന്നുണ്ടായിരുന്നു. സിംഹളരിൽ നിന്നും തന്റെ ജീവന് ഭീഷണി ഉണ്ടെന്ന് മനസ്സിലാക്കിയ രാജപക്സെ വിജയിച്ച എതിർകക്ഷി സ്ഥാനാർത്ഥിയോടും നിയുക്ത പ്രധാനമന്ത്രിയോടും തനിക്ക് മതിയായ സുരക്ഷ തരികയാണെങ്കിൽ യാതൊരുവിധ പ്രശ്നങ്ങളും ഇല്ലാതെ അധികാരം ഒഴിഞ്ഞ് തരാം എന്ന വാഗ്ദാനം നൽകി അധികാരസ്ഥാനത്തിൽനിന്നും മാറുകയാണുണ്ടായത്.

ആന തന്റെ കയ്യാൽ ചെളിവാരിയെറിഞ്ഞു.

രാജപക്സെ തനിക്ക് 2 വർഷങ്ങൽകൂടെ കാലാവധി ഉണ്ടായിരുന്നിട്ടും ജോതിഷിയുടെ വാക്ക് കേട്ട് സാഹചര്യങ്ങൾ തനിക്ക് അനുകൂലം എന്ന് കരുതി തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും തോൽവിയെ അഭിമുഖീകരിക്കുകയുമാണുണ്ടായത്. സിംഹളർ തന്നെ ധാരാളം പേർ രാജ്പക്സെക്ക് എതിരായി വോട്ട് ചെയ്തു. കാരണം തന്റെ അധികാരം ദുർവിനിയോഗം ചെയ്ത് തന്റെ ചാർച്ചക്കാർക്കും ബന്ധുക്കൾക്കും സ്ഥാനമാനങ്ങളും ഉന്നത പദവകളും കൽപ്പിച്ചുകൊടുത്തു. ജനങ്ങളുടെ പണം ദുർവ്യയം ചെയ്തതും ജനങ്ങൾ കണ്ട് മടുത്തിരുന്നു.

## ലങ്കയിലെ ഭരണ വ്യവസ്ഥ



ഇന്ത്യയും ശ്രീലങ്കയും ഒരേ ദിവസം ബ്രട്ടീഷ് ഭരണത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ ആണ്. എന്നാൽ ഭരണ വ്യവസ്ഥയിൽ ലങ്ക ചില മാറ്റങ്ങൾ വരുത്തിയിരുന്നു. ഇന്ത്യയിൽ രാഷ്ട്രപതി എന്ന അധികാരസ്ഥാനം ഉണ്ടെങ്കിലും ഭരണ അധികാരങ്ങൾ പ്രധാനമന്ത്രിയിൽ നിക്ഷിപ്തമാണ്. എന്നാൽ ശ്രീലങ്കയിൽ പ്രസിഡന്റിനാണ് മുഴുവൻ അധികാരങ്ങളും പ്രധാനമന്ത്രി പ്രസിഡന്റിന് സഹായിയായി ഭരണം നടത്തും. ശ്രീലങ്കൻ പ്രസിഡന്റിനെ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കുന്നു.

ശ്രീലങ്ക 1947-ാം ആണ്ടിൽ ഇന്ത്യയെപ്പോലെ സ്വാതന്ത്ര്യം നേടിയതാണെങ്കിലും ഒരു സ്വതന്ത്ര്യ ജനാധിപത്യ രാജ്യമെന്ന പദവിയിലേക്ക് വന്നത് 1972-ൽ മാത്രമാണ്. 1978-ാം ആണ്ടിലാണ് പ്രസിഡന്റ് ഭരണം നിലവിൽ വന്നത്. ആദ്യത്തെ പ്രസിഡന്റ് തിരഞ്ഞെടുപ്പ് 1982ൽ ആണ് നടന്നത്. അതുവരെ പ്രധാനമന്ത്രിക്കായിരുന്നു അധികാരം.

ശ്രീലങ്കയുടെ ഭരണഘടന പ്രകാരം ഒരാൾക്ക് രണ്ട് തവണ മാത്രമേ പ്രസിഡന്റായിരിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ രാജപക്സൈ ഭരണഘടനാ ഭേദഗതി വരുത്തി ഈ നിബന്ധന നീക്കികളഞ്ഞു. അങ്ങനെ അദ്ദേഹം 3-ാം തവണയും മത്സരിച്ചു. ഈ നീക്കമാണ് യഥാർത്ഥത്തിൽ അദ്ദേഹത്തിന് തന്നെ വിനയായത്.

ആദ്യമായി അധികാരത്തിൽ വന്ന ഉടനെ തന്നെ LTTEയുമായി ആഭ്യന്തരയുദ്ധം നടത്തുവാനാണ് അദ്ദേഹം ശ്രമിച്ചത്. 2009-ാം ആണ്ടിൽ പുലികളുമായുള്ള യുദ്ധത്തിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. അത് തന്നെ മികച്ച അവസരമായിക്കണ്ട് ഉടൻതന്നെ തിരഞ്ഞെടുപ്പ് നടത്തി വീണ്ടും

മത്സരിച്ച് ജയിച്ചു. 3-ാം തവണയും ഇതേ വഴിയിൽ കാലാവധിക്കു മുൻപേ തിരഞ്ഞെടുപ്പ് നടത്തി വിജയിക്കുവാൻ ശ്രമിച്ചെങ്കിലും വൻതോൽവിയാണ് കാത്തിരുന്നത്. ജീവിതം തന്നെ ഈ തോൽവി യാൽ മാറ്റിമറിക്കപ്പെടും എന്ന് അദ്ദേഹം സ്വപ്നേവി കരുതിയില്ല.

ഇത്തവണ രാജപക്സെ തോൽക്കുവാനുള്ള പ്രധാന കാരണങ്ങൾ, മൈത്രിപാല സിരിസേന എതിർസ്ഥാനാർത്ഥി ആവുകയും എല്ലാ പ്രതിപക്ഷകക്ഷികളും അദ്ദേഹത്തിനെതിരെ അണിചേരുകയും ചെയ്തു. റനിൽ വിക്രമസിംഗെ, ശരത് ഫൊൻസേക, വിജയകുമാരതുംഗ എന്നിവരെല്ലാപേരും സിരിസേനക്ക് പിന്തുണ നൽകി. കഴിഞ്ഞ 9 വർഷങ്ങളായി രാഷ്ട്രീയം വിട്ട് നിന്നിരുന്ന ചന്ദ്രിക കുമാരതുംഗയും എതിർപാർട്ടികളോട് ചേർന്ന് സിരിസേനയെ പിൻതുണച്ചു.

## ശ്രീലങ്കൻ തമിഴരുടെ എതിർപ്പ്

ലങ്കയിലെ തേയില തോട്ടങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ വംശജരായ തൊഴിലാളികളും ജാഫ്ന തമിഴരും ഒന്നിച്ച് രാജപക്സെക്ക് എതിരായി വോട്ടു ചെയ്തു.

തമിഴരുടെ കൃഷിസ്ഥലങ്ങളും സ്വത്ത് വകകളും നിരന്തരം കൈവശപ്പെടുത്താൻ ശ്രമിച്ചത് അവരെ മുഴുവനും പട്ടാള അധികാരത്തിനു കീഴിൽ നിയന്ത്രിച്ചത്. വിദ്യാഭ്യാസ, തൊഴിലവസര കാര്യങ്ങളിൽ തമിഴരെ അവഗണിച്ചത് തമിഴ് ദേശമെന്ന് വിഭാഗീയത ഉണ്ടാകാതിരിക്കുവാൻ സിംഹളരെ തമിഴ് മേഖലയിൽ കുടിയേറ്റിയത് വടക്കൻ പ്രവിശ്യകളിൽ തമിഴ് സർക്കാരിന് അധികാരങ്ങൾ നിരസിച്ചത് എല്ലാം തമിഴ് ജനതയിൽ രാജപക്സൈ വിരുദ്ധ വികാരം ഉണ്ടാക്കി.

അത് മാത്രമല്ല സിംഹള തീവ്രവാദികൾ മുസ്ലീം ജനവിഭാഗത്തെ ഇടക്കിടെ അക്രമിച്ചതിനെതിരെ രാജപക്സെ നടപടികൾ എടുക്കാതിരുന്നത് അവരും രാജപക്സെക്ക് എതിരായി വോട്ടു ചെയ്യുവാൻ ഇടവരുത്തി. സിംഹള ബുദ്ധമതക്കാർ ഏകദേശം 200 ക്രിസ്തീയ ആലയങ്ങൾക്ക് നേരേ ആക്രമണം അഴിച്ചുവിട്ടത് അവരെയും രാജപക്സെയിൽ നിന്നും അകറ്റി ലങ്കയിൽ കൂടുതൽ സമ്പന്നരായി ഉണ്ടായിരുന്ന സിംഹള ബുദ്ധമതക്കാരുടെ 'ജാതിക ഹേള ഉറുമയ' എന്ന പാർട്ടിയും രാജപക്സയെ ഈ തവണ വെറുത്ത് മാറ്റി നിർത്തി. പദവികളെ ദുർവിനിയോഗം ചെയ്ത രാജപക്സെയുടെ കുടുംബാംഗങ്ങളുടെ പ്രവർത്തികളും സിംഹളർക്ക് വെറുപ്പുണ്ടാക്കി. അങ്ങിനെ രാജപക്സെ എന്ന പ്രഗത്ഭനായ സിംഹളസർവ്വാധികാരി ഒരിക്കലും ലങ്കൻ രാഷ്ട്രീയത്തിലേക്ക് തിരിച്ചു വരുവാനാകാത്തവിധം തോൽവി ഏറ്റുവാങ്ങി. രാജപക്സെ എന്ന അധ്യയം അടഞ്ഞു.

## തമിഴരുടെ സംശയം

രാജപക്സെയെ തോൽപ്പിക്കുവാനായി എങ്കിലും, പുതിയ അധികാരിയായ സിരിസേന തിരഞ്ഞെടുപ്പിൽ പറഞ്ഞത് തമിഴർക്ക് സംശയമുണ്ടാക്കി. ജയിച്ചാലും വടക്കൻ പ്രവിശ്യയിലെ സൈന്യത്തെ ഒരിക്കലും പിൻവലിക്കില്ല എന്ന പ്രഖ്യാപനം അവരിൽ സംശയങ്ങൾ ഉയർത്തുന്നു. പുതിയ ഭരണാധികാരിയും രാജപക്സെയുടെ പാത പിൻതുടരുമോ എന്ന ഭയം ഇപ്പോൾ തമിഴ്ജനതക്ക് ഇല്ലാതില്ല.

ലങ്കൻ തമിഴർ പുതിയ പ്രസിഡന്റിൽ നിന്നും പ്രതീക്ഷിക്കുന്നതെല്ലാം രാജപക്സെയുടെയും അനുയായികളുടെയും യുദ്ധകുറ്റങ്ങൾ നീതിയുക്തമായി വിചാരണ നടത്തുക എന്നതാണ്. തമിഴരെ വീണ്ടും അവരുടെ സ്ഥലങ്ങളിലേക്ക് കുടിയേറാൻ അനുവദിക്കയും അവരുടെ കൃഷിസ്ഥലങ്ങൾ വിട്ടു നൽകുകയും ചെയ്യുക എന്നതും തമിഴരും സിംഹളരും മുസ്ലീങ്ങളും ഐക്യമായി ജീവിക്കുവാനുള്ള സാഹചര്യം ഒരുക്കുക എന്നതും അവരുടെ മറ്റ് ആവശ്യങ്ങളാണ്.

അങ്ങനെ തന്നെ മലയക തമിഴ് വിഭാഗത്തിന് ലങ്കൻ പൗരത്വവും സമാധാനപൂർണ്ണമായ ജീവിതത്തിനുള്ള അവസരവും ഉണ്ടാക്കുക എന്നത് അവരുടെ നീണ്ടനാളത്തെ ആവശ്യമാണ്. എല്ലാ സർക്കാരും ഇവരുടെ ആവശ്യങ്ങളെ അവഗണിക്കുകയായിരുന്നു പതിവ്. എന്നാൽ ഇപ്പോൾ ഒരു മാറ്റം സിരിസേനയിൽ നിന്നും അവർ ആഗ്രഹിക്കുന്നു.

മൈത്രിപാല സിരിസേനക്കും അദ്ദേഹത്തിന്റെ പുതിയ മന്ത്രിസഭക്കും ജാമക്കാരന്റെ എല്ലാ ആശംകളും അറിയിക്കുന്നു. ലങ്കൻ ജനത മുഴുനും ക്രിസ്തുവിനെ അറിയുവാൻ ഇടവരണം എന്നും ബുദ്ധ ഭിക്ഷുക്കൾ തങ്ങളുടെ പ്രധാന തത്വമായ സ്നേഹം മറ്റുള്ളവരോടു കാണിക്കുവാനും നമുക്ക് പ്രാർത്ഥിക്കാം.

## സർവ്വാധികാരി രാജപക്സെ

ഒരു രാജ്യത്തിന്റെ സർവ്വാധികാരസ്ഥാനത്തിരിക്കുന്ന ഒരാൾ തിരഞ്ഞെടുപ്പിൽ മത്സരിച്ച് മഹാഭൂരിപക്ഷം ലഭിക്കുകയും പ്രതിപക്ഷം ഇല്ലാതാവുകയും ചെയ്താൽ ഹിറ്റ്ലറെ പോലെ, മുസ്സോളിനിയെപ്പോലെ ഏകാധിപത്യത്തിലേക്ക് കടക്കുവാൻ സാധ്യതയുണ്ട്. അതാണ് രാജപക്സെക്കും സംഭവിച്ചത്.



ഏതൊരു ജനാധിപത്യ രാജ്യത്തിന്റെയും ഭരണഘടനയുടെയും നിയമവാഴ്ചയുടെയും കാവൽക്കാരൻ സുപ്രീംകോടതിയാണ്. സുപ്രീം കോടിതി ഇതര അധികാരങ്ങൾക്ക് കീഴ്പ്പെടാതെ, വിധേയമാകാതെ പ്രവർത്തിക്കേണ്ടത് രാജ്യത്തെ ജനാധിപത്യത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. പ്രധാനമന്ത്രിയോ രാഷ്ട്രപതിയോ നീതിപതികളെ നിയന്ത്രിച്ചുകൂടാ.

രാജപക്സൈ ഈ ജനാധിപത്യവ്യവസ്ഥിതി ഇഷ്ടപ്പെടാതെയും തന്റെ അധികാരപ്രയോഗത്തിന് വഴങ്ങാതിരുന്ന സുപ്രീംകോടതി ജഡ്ജിയായ ഷിറാനി ഭണ്ഡാരനായകെയെ അഴിമതി ആരോപിച്ച് തൽസ്ഥാനത്ത് നിന്നും നീക്കി തന്റെ അനുയായിയായ മോഹൻപരസിനെ ജഡ്ജിയായി നിയമിച്ചു. അന്ന് ആർക്കും അതിനെതിരെ ശബ്ദമുയർത്താൻ സാധിച്ചില്ല. എന്നാൽ രാജപക്സെയുടെ തോൽവിയോടുകൂടി അദ്ദേഹം നിയമിച്ച ജഡ്ജിയെ മാറ്റണമെന്ന ആവശ്യവുമായി കൊളംബോയിൽ എല്ലാ വക്കീലന്മാരും ഒത്തുചേർന്ന് പ്രക്ഷോപം സംഘടിപ്പിക്കുകയുണ്ടായി.

### ഇതേപോലെ ഇന്ത്യയിലും സംഭവിക്കാം......നീതിന്യായപതികളെ നിയമിക്കുന്ന അധികാരം

ന്യായാധിപന്മാരാൽ മാത്രമാണ് നിയന്ത്രിക്കപ്പെടുന്നത് എന്നതുകൊണ്ട് ഇത്രയും കാലം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കാൻ നമ്മുടെ നീതിന്യായ സംവിധാനത്തിന് കഴിഞ്ഞു. ജനങ്ങളുടെ നീതിക്കുവേണ്ടിയുള്ള അവസാന ആശ്രയം സുപ്രീംകോടതിയാണ്. ഈ സംവിധാനത്തിലെ പുറം ഇടപെടലുകൾ അഴിമതിക്ക് വളംവയ്ക്കും. രാഷ്ട്രീയ ഇടപെടലുകൾ നീതിന്യായ സംവിധാനത്തിന്റെ വിശ്വാസ്യത തകർക്കും.

നീതിന്യായ സംവിധാനത്തിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകാനുള്ള സാധ്യത ഇന്ത്യയിൽ നിലനിൽക്കുന്നു. നീതിപതികളാൽ നിയന്ത്രിക്കപ്പെടുന്ന നിയമന അധികാര സംവിധാനം ഇപ്പോഴത്തെ ബി.ജെ.പി സർക്കാർ നീക്കിയിരിക്കയാണ്. ഇനി രാഷ്ട്രീയക്കാർ മനസ്സുവച്ചാൽ സാമ്പത്തിക നേട്ടത്തിനായി രാഷ്ട്രീയപ്രേരിതമായി പൊതുജനത്തിന് നീതി നിഷേധിക്കപ്പെട്ടേക്കാം.

തമിഴ്നാട് മുഖ്യമന്ത്രി ജയലളിത കുറ്റവാളിയാണ് എന്ന് കണ്ടെത്തിയിട്ടും അതിനെതിരെ പുനർവിചാരണക്ക് സുപ്രാംകോടതി ഉത്തരവിട്ടത് യാതൊരു നിബന്ധനയും ഇല്ലാതെ ജയക്ക് ജാമ്യം കിട്ടുവാൻ ഇടവരുത്തി. കർണാടകത്തിലെ പ്രത്യേക കോടതിയിൽ മൂന്ന് തവണ ജഡ്ജിമാർ മാറ്റപ്പെട്ടു. ഒരു ജഡ്ജി നിർബന്ധിത അവധിയിൽ പ്രവേശിച്ചു. പബ്ലിക് പ്രോസിക്യൂട്ടർ കുറ്റവാളിക്ക് അനുകൂലമായി സംസാരിച്ചു. പണപെട്ടികൾ സംസാരിച്ചിരിക്കാം. ഏത് സത്യസന്ധനായ ന്യായാധിപതി വന്നാലും ജയയുടെ വ്യവഹാരം ഒന്നുമല്ലാതെ ആയിത്തീരും എന്ന് കർണാടകത്തിൽ സംസാരമുണ്ട്.

നീതി ന്യായകോടതികൾ സ്വതന്ത്രമായി പ്രവർത്തിച്ചില്ല എങ്കിൽ ന്യായം, നീതി എന്നിവ അകാലചരമമടയും. കുറ്റവാളികൾ രക്ഷപ്പെടും. ഇന്ത്യയെ ആർക്കും പിന്നെ രക്ഷിക്കാൻ ആവില്ല. അതിന് അടയാളമായി ബി.ജെ.പിയുടെ ആഭ്യന്തരമന്ത്രി ഒരു കുറ്റവാളി എന്ന് കോടതി കണ്ടെത്തിയ വ്യക്തിയെ തമിഴ്നാട്ടിൽ വന്ന് നേരിട്ടുവന്നുവെങ്കിൽ പ്രധാനമന്ത്രി മോദിയുടെ അറിവും സമ്മതവും അതിനു പിന്നിൽ ഉണ്ടാകും എന്ന് ജനങ്ങൾ സംശയിക്കുന്നു.

# വാർത്തകൾ

## അഞ്ച്‌ലക്ഷം കൈക്കൂലി വാങ്ങിയ കർണാടക ന്യായാധിപതി അറസ്റ്റിൽ

കർണാടക സംസ്ഥാനത്തിൽ ഭീതർ ജില്ലയിൽ സിവിൽ കോടതി ജഡ്ജിയായിരുന്ന ശ്രീ ശരവണപ്പാ സജ്ജൻ ഒരു വ്യക്തിക്കനുകൂലമായ വിധി പറയുന്നതിനായി അഞ്ച്‌ലക്ഷം രൂപാ കൈക്കൂലി വാങ്ങുന്നതിനിടയിൽ പിടിയിലായി.

ഇത് സംബന്ധിച്ച് കർണ്ണാടക ഹൈക്കോടതി നീതിന്യായവകുപ്പ് രജിസ്ട്രാർ പി.എ.പാട്ടീൽ പറഞ്ഞത് ഭീതർ ജില്ലയിലുള്ള ബസവകല്യാൺ സിവിൽ കോടതിയിൽ ശരവണപ്പ സജ്ജൻ എന്നയാൾ സീനിയർ ജഡ്ജിയായി ജോലി ചെയ്ത് വരികയായിരുന്നു. ഇദ്ദേഹം കഴിഞ്ഞ ചൊവ്വാഴ്ച ഒരു കേസുമായി ബന്ധപ്പെട്ടു ഒരു കക്ഷിയിൽ നിന്നും 5 ലക്ഷം രൂപാ കൈക്കൂലി വാങ്ങുന്ന സമയത്തിൽ വിജിലൻസ് ഉദ്യോഗസ്ഥർ അദ്ദേഹത്തെ കൈയ്യോടെ പിടികൂടുകയായിരുന്നു. തന്റെ കുറ്റം ന്യായാധിപതിയായ ശരവണപ്പാ സമ്മതിച്ചിരിക്കുന്നു. അദ്ദേഹത്തെ ഉടൻ തന്നെ അറസ്റ്റ് ചെയ്തു.

നീതിപതിയായ ശരവണപ്പാ സജ്ജനെപറ്റി പരാതി നൽകിയ കാശിനാഥ് പറഞ്ഞത് ഭീതർ ജില്ലയിലെ ഹീൽസൂരിൽ ഉള്ള ശ്രീഗുരുബസവേശ്വര വിദ്യാഭ്യാസ ഭരണസമിതിയുടെ പ്രസിഡന്റായി 1995–ാം വർഷം ഞാൻ തിരഞ്ഞെടുക്കപ്പെട്ടതാണ്. എന്റെ കാലാവധി കഴിയുന്നതിനു മുൻപായി ഭരണസമിതി ഇടപെട്ട് എന്നെ തൽസ്ഥാനത്ത് നിന്നും നീക്കിയിട്ടുള്ളതാണ്. ഇതിനാൽ എനിക്ക് 20,00,000/- രൂപാ നഷ്ടം സംഭവിച്ചിട്ടുള്ളതാണ്. ഈ തുക എനിക്ക് തിരികെ ലഭിക്കുവാനായി ഞാൻ ആവശ്യപ്പെട്ടപ്പോൾ അവർ തിരികെ 30 ലക്ഷം രൂപ പലിശസഹിതം അവർക്ക് ഞാൻ നൽകണമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ടു കഴിഞ്ഞ 2000–ാം ആണ്ടിൽ ഞാൻ കേസ് ഫയൽ ചെയ്തു.

കഴിഞ്ഞ പതിനാല് വർഷങ്ങളായി വിധി പറയാതിരുന്ന കേസ് പെട്ടെന്നുവിധിപറയുവാനായി ശ്രീശരവണപ്പാ സജ്ജൻ അഞ്ച്‌ലക്ഷം രൂപാ എന്നോട് കൈക്കൂലി ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് ഞാൻ വിജിലൻസിന് പരാതി നൽകി.

തുടർന്ന് ശരവണപ്പാ സജ്ജൻ പറഞ്ഞ പ്രകാരം കഴിഞ്ഞ ചൊവ്വാഴ്ച അതിരാവിലെ 4 മണിക്ക് ഭീതർ ബസവണ്ണാ സ്റ്റാച്യുവിനടുത്ത് താൻ പണവുമായി എത്തി അത് ഞാൻ അദ്ദേഹത്തിന് കൈമാറുമ്പോൾ ആന്റികറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ അദ്ദേഹത്തെ കൈയ്യോടെ അറസ്റ്റ് ചെയ്യുകയാണുണ്ടായത്.

**- ദി ഹിന്ദു, ബംഗളൂരു**

## കർത്താവിൽ പ്രിയരേ....

ഇപ്രാവശ്യം 'ജാമക്കാരൻ' മാസികയിൽ വാർത്തകൾ ധാരാളം ഉണ്ട്. ഈ അന്ത്യകാലത്ത് സംഭവിക്കാനുള്ള പല വിഷയങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികൾ വചനത്തിൽ വിശ്വാസിയക്കാതെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവവേലക്കാരുടെമേൽ കൂടുതൽ പ്രത്യാശ വയ്ക്കുന്നു.

എല്ലാ ക്രിസ്തീയ ആരാധാനാലയങ്ങളും നിറഞ്ഞു കവിയുന്നു. ആരാധന ഉണ്ട്, പാട്ടുകൾ ഉണ്ട്, പ്രസംഗം ഉണ്ട്. പക്ഷെ ക്രിസ്തുവിന്റെ സാന്നിധ്യം ആരാധനയിൽ ഇല്ല. എല്ലാ സഭകളിലും എണ്ണമില്ലാത്ത ഹല്ലേലൂയ ശബ്ദങ്ങൾ മുമ്പുണ്ടായിരുന്നതിനെക്കാൾ കൂടിക്കൊണ്ടിരിക്കുന്നു. പക്ഷെ പ്രവൃത്തിയിൽ ക്രിസ്തു ഇല്ല. ഇതിനെക്കുറിച്ച് എന്റെ മനസ്സിൽ ഭാരങ്ങൾ കൂടി വരുന്നു. എന്റെ പ്രസംഗത്തിൽ ഈ വിഷയങ്ങളെക്കുറിച്ച് എത്ര വ്യക്തമായി പറഞ്ഞാലും വലിയ മാറ്റങ്ങൾ ഒന്നും സംഭവിച്ചതായി കാണുന്നില്ല. വീടുകളിൽ പ്രവചനം പറയുന്നവരുടെ പ്രാർത്ഥനാ കൂട്ടങ്ങൾ വർദ്ധിക്കുന്നു. അതിൽ മോഷണം പോയ കാള, പശു, മോട്ടേറർ സൈക്കിൾ എന്നുള്ള സാധനങ്ങളെ പ്രാർത്ഥിച്ച് എവിടെയെന്ന് വെളിപ്പെടുത്തുന്ന ദൈവവേലക്കാരും വേലക്കാരികളും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ദൈവവേലക്കാർ ജനങ്ങൾക്ക് വചനം പറഞ്ഞുകൊടുക്കാനും വേർപെട്ട കുടുംബബന്ധങ്ങളെ ഒന്നുചേർക്കാനുമുള്ള ആലോചന നല്കാനും ശ്രദ്ധിക്കുന്നില്ല. പ്രാർത്ഥിക്കാൻ വരുന്നവരുടെ ആഗ്രഹങ്ങൾ അനുസരിച്ച് അവരുടെ ശത്രുക്കൾ നശിച്ച് പോകാനും ശത്രുക്കളെ രോഗി ആക്കാനും പ്രത്യേക ഉപവാസപ്രാർത്ഥന നടത്തുന്നു. ഇത് എത്ര ക്രൂരമാണ്. പത്രങ്ങളിൽ പരസ്യപ്പെടുത്തുന്ന 'കുട്ടിച്ചാത്ത' പരസ്യംപോലെ കാണപ്പെടുന്നു.

### ടി.വിയിൽ പ്രസംഗിക്കുന്ന ചിലരുടെ പ്രത്യേകത

ടി.വിയിൽ ചില ചാനലുകളിൽ പ്രസംഗിക്കുന്ന പ്രത്യേക ദൈവവേലക്കാർ ടി.വി വഴിയായി പ്രാർത്ഥി ക്കുമ്പോൾ ചില രോഗങ്ങളുടെ പേരുകൾ ഒന്നിനു പിറകേ ഒന്നായി പറയുന്നു. ഈ രോഗികളെ യേശു സൗഖ്യമാക്കുന്നത് കാണുന്നു എന്ന് കള്ളം പറയുന്നു ഇങ്ങനെയുള്ള ക്രിസ്തീയ ടി.വി. ചാനൽ ദൈവവേലക്കാർ ഇപ്പോൾ വർദ്ധിച്ചുവരുന്നു. സൂര്യ ടി.വിയിലും മറ്റ് ടി.വി ചാനലുകളിലും ദിവസവും രാവിലെ ദൈവവേലക്കാരും വേലക്കാരികളും രോഗസൗഖ്യത്തിനായി പ്രാർത്ഥിക്കുന്നത് കാണാൻ സാധിക്കുന്നു. ഇവരിൽ ചിലരുടെ പ്രസംഗം നല്ല പ്രസംഗമായി കാണുന്നു. പക്ഷേ പ്രസംഗത്തിന്റെ അവസാനം ജനങ്ങളെ ആകർഷിക്കുന്ന മുകളിൽ പറഞ്ഞതുപോലുള്ള വ്യാജ അത്ഭുതപ്രവചനങ്ങളെ പ്രാർത്ഥനയിൽ പറയുന്നു. ഇവരിൽ ചിലരെ 30 വർഷങ്ങൾക്ക് മുമ്പ് ഞാൻ പരിചയപ്പെട്ടിട്ടുണ്ട്. സൈക്കിൾ പോലുമില്ലാതിരുന്ന ഇവർ ഇന്ന് ബെൻസ് കാറുകളിൽ നഗരങ്ങളിൽ ചുറ്റിസഞ്ചരിക്കുന്നു. ഇതുപോലുള്ള രോഗശാന്തി പ്രസംഗങ്ങളും പ്രാർത്ഥനകളും മലയാള ടി.വി ചാനലുകളിലും വർദ്ധിച്ചു വരുന്നു. വിവിധ സഭാവിശ്വാസികൾ ഇവരുടെ പിന്നാലെ അണിനിരക്കുന്നു. ഇവർ യേശുക്രിസ്തുവിനെ പുറന്തള്ളി പരിശുദ്ധാത്മാവിന് പ്രാധാന്യം കൊടുക്കുന്നത് കാണാം. ഇവരുടെ പ്രസംഗത്തിൽ പരിശുദ്ധാത്മാവിന്റെ തീനാളം, പരിശുദ്ധാത്മാവിന്റെ വികാരം, ഇപ്പോൾ തന്നെ പരിശുദ്ധാത്മാവ് എല്ലാവരുടെയും മേൽ ഇറങ്ങുന്നു എന്നു പറയുന്നു. ഓരോരുത്തരുടെമേലും തീ ഇറങ്ങു, പരിശുദ്ധാത്മാവിന്റെ തീനാളം ഇറങ്ങുന്നു എന്നുള്ള വാർത്തകൾ വലിയ കൂട്ടം ജനങ്ങളെ അവരിലേക്ക് ആകർഷിക്കുന്നു.

### മുഖം കാണിക്കാത്ത ടി.വി ചാനൽ

കേരളത്തിൽ മലയാള ടി.വി ചാനലിൽ മുഖം കാണിക്കാതെ പ്രസംഗിക്കുന്ന ഒറ്റ ക്രിസ്തീയ ടി.വി.ചാനൽ TWR എന്നു പറയപ്പെടുന്ന മിഷണറി ടി.വി.ചാനൽ ആണ്. ഇവരുടെ ബൈബിൾ പഠനം റേഡിയോയിലും, ടി.വിയിലും എന്നും പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുന്നു. അത് യഥാർത്ഥ

ക്രിസ്തീയ കുടുംബങ്ങളെ സ്ഥിരപ്പെടുത്തുന്നു, ബലപ്പെടുത്തുന്നു, വളർത്തുന്നു. അതുപോലെതന്നെ വിശ്വവാണി പരിപാടികളും യഥാർത്ഥ വചനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. ഇതുപോലുള്ള വചനശുശ്രൂഷകൾക്ക് ജനങ്ങൾ പണം അയയ്ക്കുന്നത് വളരെ ചുരുക്കം ആണ്. ആഴമായ ആ വേദപഠനം ആത്മീയ ജീവിതത്തിന് വലിയ ശക്തിയെ നൽകുന്നു.

ആ പ്രസംഗം കേൾക്കുന്നവർക്കു ദൈവവേലക്കാർ തൊടാതെ തന്നെ സൗഖ്യം പ്രാപിക്കുന്നു. സമാധാനം ലഭിക്കുന്നു. പക്ഷെ സൗഖ്യം പ്രാപിച്ചവരുടെ മുഖങ്ങൾ TWR ടി.വി ചാനലിൽ കാണിക്കുന്നില്ല. മുഖം കാണിക്കാത്ത ആ ടി.വി ചാനലിന് തന്റെ രോഗസൗഖ്യവിവരങ്ങളെ എഴുതി അയയ്ക്കാൻ സൗഖ്യം ലഭിച്ചവരും ഇഷ്ടപ്പെടുന്നില്ല. കാരണം അവരുടെ മുഖങ്ങളെ ടി.വിയിൽ കാണിക്കാത്തതുകൊണ്ട് തന്നെ കെ.പി.യോഹന്നാന്റെ 'ആത്മീയയാത്ര' ടി.വി.ചാനലിലും നല്ല ശുശ്രൂഷകൾ നടക്കുന്നുണ്ട്. ഇതുപോലുള്ള ആത്മീയ ടി.വി.ചാനലുകൾ ജനങ്ങൾ കാണണം, കേൾക്കണം. അത് മുഖാന്തരം ദൈവനാമം മഹത്വപ്പെടും. ഇങ്ങനെയുള്ള ദൈവവേലയെ തന്നെ പണം അയച്ച് താങ്ങാൻ വിശ്വാസികൾ ശ്രമിക്കണം.

ക്രിസ്തീയ വിശ്വാസികൾ ഓരോരുത്തരും വചനത്തിൽ വിശ്വസിക്കണം, വചനത്തിൽ പ്രത്യാശിക്കണം, വചനത്തിൽ കെട്ടപ്പെടണം. ഇതുതന്നെ ഓരോരോ വിശ്വാസിയും ആത്മീയതയിൽ വളരുവാൻ ആവശ്യമാകുന്നു.

കഴിഞ്ഞ മാസങ്ങളിൽ നടന്ന എന്റെ ദൈവവേലകളെല്ലാം പതിവുപോലെ അനുഗ്രഹപ്രദമായിത്തീർന്നു. ഗ്രാമസുവിശേഷവേലയും (ആദിവാസികൾ) മുടങ്ങാതെ നടന്നുകൊണ്ടിരിക്കുന്നു.

വായനക്കാർ കഴിഞ്ഞ മാസം എനിക്ക് അയച്ച എല്ലാ കാണിയ്ക്കകൾക്കും നന്ദി. ഇപ്പോഴെല്ലാം മണിഓർഡർ അല്ലാതെ online വഴിയായി പണമിടപാടുകൾ ബാങ്കിൽ നിന്നും ബാങ്കിലേയ്ക്ക് വിശ്വാസികൾ അയച്ച് സഹായിക്കുന്നു. ഇതിൽ ബാങ്ക് കമ്മീഷൻ വളരെ കുറവാണ്. പണം അയച്ച് 20 മിനിറ്റിനകം പണം എന്റെ അക്കൗണ്ടിൽ എത്തുന്നു. ഇത് കാരണം ഈ പണം അയക്കുന്നവർക്ക് സമയലാഭവും, കമ്മീഷൻ കുറവും ലഭിയ്ക്കുന്നു. ഇങ്ങനെയുള്ള നല്ല കാര്യങ്ങൾ ഈ ആധുനികയുഗത്തിൽ കമ്പ്യൂട്ടർ ദൈവവേലയ്ക്ക് വളരെ പ്രയോജനമായിട്ടുണ്ട്. ഇതു വഴിയായി പണം അയച്ച എല്ലാവർക്കും നന്ദി. ദൈവത്തിനു സ്തുതി ഉണ്ടാകട്ടെ.

കാണിക്ക അയയ്ക്കുന്നവർ ഉടനെ ഇ-മെയിൽ വഴിയായി എന്നെ വിവരം അറിയിക്കുന്നവർക്ക് എനിക്ക് വളരെ ഉപകാരമായിരിക്കും. **jamakaran@yahoo.com** വഴിയായി പണം അയയ്ക്കുന്നവരുടെ പേര്, അയച്ച തുക, അയച്ച തീയതി, ഫോൺ നമ്പർ ഈ വിവരങ്ങൾ അയച്ചാൽ ആഡിറ്റർക്ക് കണക്ക് ഏൽപ്പിക്കാനും അയച്ചവരുടെ പേർ അറിഞ്ഞ് അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും കഴിഞ്ഞു.

ചിലർ ഫോൺ മുഖേന വിവരം പറയാൻ വേണ്ടി എന്നോട് ബന്ധപ്പെടാൻ ശ്രമിക്കുമ്പോൾ എന്റെ ഫോൺലൈൻ അവർക്ക് കിട്ടുന്നില്ല. നാല് നമ്പരുകളിൽ എനിക്ക് ഫോൺ ഉണ്ട്. പ്രാർത്ഥനാവിഷയം പറഞ്ഞ് പ്രാർത്ഥിക്കാൻ വിശ്വാസികൾ എല്ലാ നമ്പറുകളിലും വിളിക്കുന്നത് കൊണ്ട് എന്റെ ലൈൻ കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്.

ഞാൻ രണ്ട് ദിവസങ്ങൾ (എല്ലാ ചൊവ്വ, ബുധൻ) മാത്രമേ വീട്ടിൽ ഉണ്ടായിരിക്കുകയുള്ളൂ. അതുകൊണ്ട് ഫോണിൽ ബന്ധപ്പെടുന്നതിനേക്കാൾ ഇ-മെയിൽ അല്ലെങ്കിൽ കത്ത് വഴിയായി വിവരം അയയ്ക്കുന്നത് സുരക്ഷിതമായിരിക്കും. മാത്രമല്ല അതുകാരണം അവർക്ക് രസീത് അയയ്ക്കാനും വളരെ ഉപകാരമായിരിക്കും.

എനിക്ക് വഴിപാട് അയയ്ക്കുന്നവർ ഈ വിഷയത്തിൽ സഹകരിക്കണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

# ഡൽഹി ഇലക്ഷൻ

ഭാരതദേശത്തിൽ പെട്ടെന്ന് ഉണ്ടായ മാറ്റങ്ങളെ വായനക്കാർ ശ്രദ്ധിച്ചുവോ? ഒരു ഡൽഹി ഇലക്ഷൻ മുഖാന്തിരം ശ്രീ.മോദി അവർകളുടെ ബിംബം കാറ്റിൽ പറന്നുപോയ പേപ്പർ പോലെ ആയി. അതിന്റെ പരിണിതഫലം നന്മയായിട്ടു തന്നെ ഉണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നു. ഡൽഹി ഇലക്ഷൻ ഫലം അറിഞ്ഞ അഞ്ചാം ദിവസം തന്നെ ഗുജറാത്തിൽ മോദി അവർകളുടെ പ്രതിമ വച്ച് ആരാധിച്ച ക്ഷേത്രം ഉടൻ തന്നെ എടുത്ത് കളയുവാൻ മോദി അവർകൾ പറഞ്ഞു. അതുവരെ മിണ്ടാതിരുന്ന മോദി അവർകൾ ഇലക്ഷനുശേഷം വായ് തുറന്നു. ഉടനെ മോദിപ്രതിമയ്ക്കു പകരം ഭാരതമാതാവിന്റെ പ്രതിമ വയ്ക്കാൻ ഏർപ്പാട് ചെയ്തു. കഴിഞ്ഞ ഇലക്ഷനിൽ ബി.ജെ.പി പാർട്ടിയെ ജയിപ്പിച്ചത് മോദി എന്നു പറയപ്പെടുന്ന തന്റെ മുഖമാണ് കാരണമെന്ന് അദ്ദേഹത്തിന് നല്ലവണ്ണം അറിയാം. പക്ഷെ ആ മുഖത്തിന്റെ പിന്നിൽ ആർ.എസ്.എസ്, ബജ്റംഗ്ദൾ, വി.എച്ച്.പി പോലെയുള്ള ഹിന്ദുമത വർഗ്ഗീയവാദികൾ ഇന്ത്യാദേശത്തിൽ മതസംബന്ധമായി പല അഴിമതികൾ ചെയ്തു. മാതൃമതത്തിലേയ്ക്ക് കൊണ്ടുവരുന്നു എന്ന് പറഞ്ഞ് മറ്റ് മതങ്ങളിലുള്ള ജനങ്ങളെ പണം കൊടുത്തും ഭീഷണിപ്പെടുത്തിയും നടത്തിയ അഴിമതികളുടെ ഫലമാണ് ഡൽഹി ഇലക്ഷനിൽ പ്രതിഫലിച്ചതെന്നു മോദി അവർകൾ ഉണർന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഇനിയും ഹിന്ദുമതവർഗ്ഗീയതീവ്രവാദികളെ മോദി അവർകൾ നിയന്ത്രിക്കാതെ പോയാൽ അവരുടെ ഭരണകാലാവധി 5 വർഷത്തിനുമുൻപേ തീർന്നുപോകും. നമുക്കെല്ലാവർക്കും അവർക്കുവേണ്ടി പ്രാർത്ഥിക്കാം.

**ഡോ.പുഷ്പരാജ്**

# വാർത്തകൾ

## RSS നേതാക്കൾ പഠിച്ച ക്രിസ്തീയ സ്കൂളുകളും കോളേജുകളും

| | | |
|---|---|---|
| അദ്ധ്വാനി പഠിച്ചത് | - | സെന്റ് പാട്രിക് ഹൈസ്കൂൾ |
| അരുൺ ജയ്റ്റ്ലി | - | സെന്റ് സേവ്യർ സ്കൂൾ |
| സ്മൃതി ഇറാനി | - | ഹോളി ചൈൽഡ് ആക്സിലിയം സ്കൂൾ |
| സുബ്രഹ്മണ്യം സ്വാമി | - | ഹാർവേർഡ് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റികൾ |
| തുഗ്ലക് ചോ | - | ലയോള കോളേജ് |

വാജ്പെ മുതൽ ഇപ്പോഴുള്ള ആർ.എസ്.എസ്, ബി.ജെ.പി, വി.എച്ച്.പി, ബജ്റംഗ്ദൾ എന്നീ സംഘടനകളലുള്ള എല്ലാവരും നല്ല പഠനത്തിനും നല്ല അച്ചടക്കത്തിനും കാരണം ഈ ക്രിസ്തീയ സ്കൂളുകളിലെ പഠനമാണ് എന്നു പറഞ്ഞിട്ടുണ്ട്.

കോൺഗ്രസിൽ മഹാത്മഗാന്ധി, നെഹ്റു, ഇന്ദിരാഗാന്ധി, രാജീവ്ഗാന്ധി, സജ്ഞയ്ഗാന്ധി, പ്രിയങ്ക, ഗാന്ധി, പ്രിയങ്കയുടെ ഭർത്താവ് റോബർട്ട് മുതലായ പ്രധാനപ്പെട്ട എല്ലാവരും ക്രിസ്തീയ സ്കൂളുകളിലും ക്രിസ്തീയ കോളേജുകളിലും പഠിച്ചവരാണ്.

മുൻ തമിഴ്നാട് മുഖ്യമന്ത്രി ജെ.ജയലളിത ചെറുപ്രായം മുതൽ ക്രിസ്തീയ കോൺവെന്റിൽ താമസിച്ച് ക്രിസ്തീയ സ്കൂളിൽ പഠിച്ച വ്യക്തിയാണ്. എന്നാൽ അഖില ഭാരത ഹിന്ദു മഹാസഭയുടെ പ്രസിദ്ധീകരണത്തിൽ ഹിന്ദുക്കളെ ക്രിസ്തീയ സ്കൂളുകളിൽ തങ്ങളുടെ കുഞ്ഞുങ്ങളെ ചേർക്കത്തില്ല എന്ന് തീരുമാനം എടുക്കണം എന്ന് അതിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിരിക്കുന്നു. (2014 ഡിസംബർ 24)

# മനുഷ്യന്റെ ആകുലതയും ദൈവത്തിന്റെ ആശ്വാസവചനങ്ങളും

മനുഷ്യൻ : എന്നെ സ്നേഹിക്കുവാൻ ആരുമില്ല

ദൈവം : നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. യിരെമ്യാവ് 31:3

മനുഷ്യൻ : എനിക്ക് പേടിയാണ്

ദൈവം : ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല 2 തിമൊ 1:7

മനുഷ്യൻ : എന്തു ചെയ്യും എന്ന് എനിക്കറിയില്ല

ദൈവം : എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയാകുന്നു ഫിലിപ്പിയർ 4:13

മനുഷ്യൻ : ദുഃഖത്താൽ ഞാൻ ക്ഷയിച്ചു പോകുന്നു

ദൈവം : അവൻ നിങ്ങൾക്കായ് കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊള്ളുക 1 പത്രോസ് 5:7

മനുഷ്യൻ : എന്നെ സഹായിക്കുവാൻ ആരുണ്ട്

ദൈവം : കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക ('യേശു') ഞാൻ നിന്നെ വിടുവിക്കും സങ്കീർ 50:15

മനുഷ്യൻ : എന്നെ കൊണ്ട് അത് സാധിക്കില്ല

ദൈവം : മനുഷ്യരാൽ അസാധ്യമായതു ദൈവത്താൽ സാധ്യമാകുന്നു. ലൂക്കോ 18:27

മനുഷ്യൻ : ഞാൻ തളർന്നു പോയിരിക്കുന്നു

ദൈവം : ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന് 'യേശു' പറഞ്ഞു മത്തായി 11:28

മനുഷ്യൻ : എനിക്ക് മുമ്പോട്ട് പോകുവാൻ കഴിയുന്നില്ല

ദൈവം : എന്റെ കൃപ നിനക്ക് മതി എന്ന് 'യേശു' പറഞ്ഞു 2 കൊരി 12:9

മനുഷ്യൻ : എന്റെ ആവശ്യങ്ങൾ എനിക്ക് പൂർത്തീകരിക്കപ്പെടുന്നില്ല

ദൈവം : എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധന ത്തിന് ഒത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും ഫിലി 4:19

മനുഷ്യൻ : ഞാൻ ഒരു അനാഥനായി ജീവിക്കുന്നു

ദൈവം : എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു. എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും സങ്കീ 27:10

മനുഷ്യൻ : ഞാൻ ബുദ്ധിയില്ലാത്തവൻ എന്ന് മറ്റുള്ളവർ എന്നെ പരിഹസിക്കുന്നു

ദൈവം : ജ്ഞാനവും വിവേകവും നിനക്ക് നൽകിയിരിക്കുന്നു 2 ദിന 1:12

മനുഷ്യൻ : ഞാൻ ഒരു പാപിയായ മനുഷ്യൻ. എനിക്ക് പാപക്ഷമ ലഭിക്കുമോ?

ദൈവം : നമ്മുടെ പാപങ്ങളെ ഏറ്റ് പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു 1 യോഹ 1:9

മനുഷ്യൻ : മരണത്തെക്കുറിച്ചുള്ള ഭയം എന്നെ വേദനിപ്പിക്കുന്നു

ദൈവം : ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്ന് യേശു പറഞ്ഞു യോഹ 11:25

## മഹാരാഷ്ട്രയിൽ താന എന്ന സ്ഥലത്ത് (സുഭാഷ് നഗർ) ആംഗ്ലിക്കൻ സഭയുടെ 48–ാമത് കൺവെൻഷൻ ഏറ്റവും അനുഗ്രഹമായി നടന്നു.













Rev. Jeremiah Amos അവർകൾ ഏറ്റവും മനോഹരമായി ആ മീറ്റിംഗ് ക്രമീകരിച്ചിരുന്നു. അതിലൂടെ ദൈവത്തിന്റെ നാമം മഹത്വപ്പെട്ടു. ആ സഭയുടെ പേര് (വിശ്വാസആലയം).

Rev. Jeremiah Simoni (ACI), Rev.G.Lalji Vedah (ACI), Rev.R.R.Jayasingh (Nazarene Church), Rev.Remesh Kasab (ACI) ഇവരോടൊപ്പം പുരോഹിതന്മാരും, ശുശ്രൂഷകന്മാരും ഈ വലിയ കൂട്ടത്തിൽ പങ്കുകൊണ്ട് ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ചു. ഈ കൺവെൻഷനിലൂടെ ദൈവത്തിന്റെ നാമം മഹത്വപ്പെടുവാൻ ഇടയായി.

## തൂത്തുകുടി കോവിൽപട്ടിയിൽ കെസ്‌വിക് കൺവെൻഷൻ 2015







തൂത്തുകുടി ജില്ലയിൽ കോവിൽപട്ടി എന്ന സ്ഥലത്ത് നടന്ന 42-ാമത് കെസ്‌വിക് കൺവെൻഷൻ അനുഗ്രഹമായി നടന്നു. ഇതിൽ ഞാനും സഹോദരൻ (കുറിസ് ദിവാകരനും സന്ദേശം നൽകി. എല്ലാ സഭകളും ചേർന്നു നടത്തിയ ഒരു ആത്മീയ മീറ്റിംഗ്. ഇന്ത്യയിൽ 2 സ്ഥലങ്ങളിൽ മാത്രം കെസ്‌വിക് കൺവെൻഷൻ എന്ന പേരിൽ ഇത് നടന്നു വരുന്നു. തിരുവല്ല (കേരളം), കോവിൽപട്ടി (തമിഴ്നാട്).

Rev.V.T.John (മധുര) അവർകളും Rev.പ്രഭാകർ (മധുര) അവർകളും ദൈവവചനം പങ്കുവച്ചു. ദൈവത്തിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.

## ഈസ്റ്റ് കേരളയിലുള്ള മേലുകാവ് മുട്ടം കൺവെൻഷൻ






കിഴക്കൻ കേരളത്തിൽ പ്രഫ.ജേക്കബ് അദ്ദേഹം മിഷനറി സ്ഥാപനത്തിന്റെ സ്ഥാപകൻ ആണ്. വൃദ്ധരായവരെ ശുശ്രൂഷിക്കുന്ന വൃദ്ധസദനത്തിന്റെ ശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന ആളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മരണത്തിന് ശേഷം നടന്ന ഈ കൺവെൻഷൻ തൊടുപുഴയ്ക്കടുത്ത് മുട്ടം എന്ന സ്ഥലത്ത് അനുഗ്രഹകരമായി നടന്നു. Rev.P.V.Joseph അവർകളുടെ നേതൃത്വത്തിൽ നടന്ന ഈ കൺവെൻഷൻ അനുഗ്രഹമായിരുന്നു.

# കന്യാകുമാരി സി.എസ്.ഐ മഹായിവടക പോരംകോട് കൺവെൻഷൻ



കന്യാകുമാരി സി.എസ്.ഐ മഹായിവടക പോരംകോട് സഭയിൽ 125–ാമത് വാർഷിക ആഘോശം സ്ത്രോത്ര ശുശ്രൂഷയായി നടത്തി. ഈ കൺവെൻഷനിൽ കന്യാകുമാരി ഡയോസിസ് ബിഷപ്പും മുൻ മോഡറേറ്ററും ആയ മോസ്റ്റ്.റവ.ദേവകടാക്ഷം അവർകൾ പ്രതിഷ്ഠാ ശുശ്രൂഷ നിർവ്വഹിച്ചു. മൂന്ന് ദിവസം ഞാൻ ദൈവവചനം ശുശ്രൂഷിച്ചു. Rev.Beebin M.A, BD അവർകൾ ഈ മീറ്റിംഗ് ക്രമീകരിച്ചു. ഈ മീറ്റിംഗ് അനുഗ്രഹകരമായി നടന്നു. ദൈവത്തിന്റെ നാം മഹത്വപ്പെടുമാറാകട്ടെ.

# മധ്യകേരളത്തിൽ സി.എസ്.ഐ മഹായിടവക ഉള്ള ആർപ്പുക്കര കൺവെൻഷൻ



ഇവിടെ നടന്ന കൺവെൻഷൻ ഏറ്റവും അനുഗ്രഹം ആയിരുന്നു. റവ.രാജു മാത്യു അവർകളുടെ നേതൃത്വത്തിൽ വളരെ പ്രാർത്ഥനയോടു കൂടി ഈ മീറ്റിംഗ് ക്രമീകരിച്ചിരുന്നു. ഈ കൂടിവരവ് വളരെ അനുഗ്രഹമായി നടന്നു ദൈവ നാമം മഹത്വപ്പെടുമാറാകട്ടെ.

# വാർത്തകൾ

## അഞ്ച്ലക്ഷം കൈക്കൂലി വാങ്ങിയ കർണാടക ന്യായാധിപതി അറസ്റ്റിൽ

കർണാടക സംസ്ഥാനത്തിൽ ഭീതർ ജില്ലയിൽ സിവിൽ കോടതി ജഡ്ജിയായിരുന്ന ശ്രീ ശരവണപ്പാ സജ്ജൻ ഒരു വ്യക്തിക്കനുകൂലമായ വിധി പറയുന്നതിനായി അഞ്ച്ലക്ഷം രൂപാ കൈക്കൂലി വാങ്ങുന്നതിനിടയിൽ പിടിയിലായി.

ഇത് സംബന്ധിച്ച് കർണ്ണാടക ഹൈക്കോടതി നീതിന്യായവകുപ്പ് രജിസ്ട്രാർ പി.എ.പാട്ടീൽ പറഞ്ഞത് ഭീതർ ജില്ലയിലുള്ള ബസവകല്യാൺ സിവിൽ കോടതിയിൽ ശരവണപ്പ സജ്ജൻ എന്നയാൾ സീനിയർ ജഡ്ജിയായി ജോലി ചെയ്ത് വരികയായിരുന്നു. ഇദ്ദേഹം കഴിഞ്ഞ ചൊവ്വാഴ്ച ഒരു കേസുമായി ബന്ധപ്പെട്ടു ഒരു കക്ഷിയിൽ നിന്നും 5 ലക്ഷം രൂപാ കൈക്കൂലി വാങ്ങുന്ന സമയത്തിൽ വിജിലൻസ് ഉദ്യോഗസ്ഥർ അദ്ദേഹത്തെ കൈയ്യോടെ പിടികൂടുകയായിരുന്നു. തന്റെ കുറ്റം ന്യായാധിപതിയായ ശരവണപ്പാ സമ്മതിച്ചിരിക്കുന്നു. അദ്ദേഹത്തെ ഉടൻ തന്നെ അറസ്റ്റ് ചെയ്തു.

നീതിപതിയായ ശരവണപ്പാ സജ്ജനെപറ്റി പരാതി നൽകിയ കാശിനാഥ് പറഞ്ഞത് ഭീതർ ജില്ലയിലെ ഹീൽസൂരിൽ ഉള്ള ശ്രീഗുരുബസവേശ്വര വിദ്യാഭ്യാസ ഭരണസമിതിയുടെ പ്രസിഡന്റായി 1995-ാം വർഷം ഞാൻ തിരഞ്ഞെടുക്കപ്പെട്ടതാണ്. എന്റെ കാലാവധി കഴിയുന്നതിനു മുൻപായി ഭരണസമിതി ഇടപെട്ട് എന്നെ തൽസ്ഥാനത്ത് നിന്നും നീക്കിയിട്ടുള്ളതാണ്. ഇതിനാൽ എനിക്ക് 20,00,000/- രൂപാ നഷ്ടം സംഭവിച്ചിട്ടുള്ളതാണ്. ഈ തുക എനിക്ക് തിരികെ ലഭിക്കുവാനായി ഞാൻ ആവശ്യപ്പെട്ടപ്പോൾ അവർ തിരികെ 30 ലക്ഷം രൂപ പലിശസഹിതം അവർക്ക് ഞാൻ നൽകണമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ടു കഴിഞ്ഞ 2000-ാം ആണ്ടിൽ ഞാൻ കേസ് ഫയൽ ചെയ്തു.

കഴിഞ്ഞ പതിനാല് വർഷങ്ങളായി വിധി പറയാതിരുന്ന കേസ് പെട്ടെന്നുവിധിപറയുവാനായി ശ്രീശരവണപ്പാ സജ്ജൻ അഞ്ച്ലക്ഷം രൂപാ എന്നോട് കൈക്കൂലി ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് ഞാൻ വിജിലൻസിന് പരാതി നൽകി.

തുടർന്ന് ശരവണപ്പാ സജ്ജൻ പറഞ്ഞ പ്രകാരം കഴിഞ്ഞ ചൊവ്വാഴ്ച അതിരാവിലെ 4 മണിക്ക് ഭീതർ ബസവണ്ണാ സ്റ്റാച്യുവിനടുത്ത് താൻ പണവുമായി എത്തി അത് ഞാൻ അദ്ദേഹത്തിന് കൈമാറുമ്പോൾ ആന്റികറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ അദ്ദേഹത്തെ കൈയ്യോടെ അറസ്റ്റ് ചെയ്യുകയാണുണ്ടായത്. - ദി ഹിന്ദു, ബംഗളുരു

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ mailing list-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# MODI BREAKS HIS SILENCE:

## Modi breaks his silence

**NEW DELHI, Feb. 17:** Breaking his silence on the recent church attacks in Delhi, Prime Minister Narendra Modi said his government will "ensure that there is complete freedom of faith and that everyone has the undeniable right to retain or adopt the religion of his or her choice without coercion or undue influence." Modi, who has been accused by opposition and Christian groups of turning a blind eye to a string of recent attacks on five churches and a Christian school in Delhi, said his govt. "gives equal respect to all religions" and will strongly act against any religious violence. -The Hindu

# അറിയാതെ പോയല്ലോ! (I NEVER KNEW)

(ഒരാൾ തന്റെ ഭാര്യ മരിച്ചശേഷം തമിഴിൽ എഴുതിയ കവിത)

(ഭാര്യയെ പല വിധത്തിൽ അലക്ഷ്യപ്പെടുത്തി അവളുടെ മനസ്സിനെ വേദനപ്പെടുത്തുന്നവർക്കായി ഇതു പരസ്യപ്പെടുത്തുന്നു)

അവൾ എന്റെമേൽകാണിച്ച താല്പര്യത്തെ ഞാൻ അറിയാതെ പോയല്ലോ
അവൾ എന്റെ മേൽ എന്തുമാത്രം ക്ഷമയോടിരുന്നിരിക്കണം
അവൾ എന്നെ പിരിഞ്ഞു പോകും വരെ ഞാൻ ഇതു അറിയാതെ പോയല്ലോ
അവൾ ദിവസം തെറ്റാതെ എനിക്കു ചെയ്ത ശുശ്രൂഷ എത്രമാത്രം
അത്രത്തോളം പ്രവർത്തിച്ച അവളെ അല്പം പോലും മനസ്സിലാക്കാതെ പോയല്ലോ
അയ്യോ.......ഇന്നവൾ മരിച്ചുപോയി ഇനി ചിന്തിച്ചിട്ടു ഫലമെന്ത?
അവൾ വഹിച്ച ക്രൂശു ധാരാളം! എങ്കിലും പുഞ്ചിരിച്ചല്ലോ!
അവളുടെ ദുഃഖങ്ങളെ തന്റെ ഹൃദയ തന്ത്രിയിൽ വച്ചു മീട്ടിയല്ലോ
അയ്യോ........ഹൃദയമില്ലാത്ത പാപി ഞാൻ, ഇതു അന്നു തന്നെ അറിയാതെ പോയല്ലോ
അവളിൽ കണ്ടതോ പൂത്ത പുഞ്ചിരി, രശ്മിവീശും സന്തോഷം
അതുകൊണ്ടു "അവൾക്കെന്തു കുറവു" എന്നല്ലേ ഞാൻ ഇരുന്നതു
"അന്നു" സഹായഹസ്തം നീട്ടാൻ അയ്യോ അറിയാതെ പോയല്ലോ!
അവൾ എന്തുകൊണ്ടു ബുദ്ധിമുട്ടിക്കുന്നു എന്നു അന്നു കരുതി
ഇന്നോ, അവളെ പല ദുഃഖങ്ങൾ മൂടിയിരുന്നതു കാണുന്നു
ദുഃഖത്തിൽ ഉഴന്നിരുന്ന അവളുടെ ദുഃഖത്തെ അന്നു ഞാൻ അറിഞ്ഞിരുന്നെങ്കിൽ
അല്പമെങ്കിലും നന്മകൾ പലതും ഞാൻ ചെയ്യുമായിരുന്നല്ലോ....എന്നാൽ
മധുരമുള്ള സന്തോഷത്താൽ ദുഃഖം എനിക്കു മറച്ചുകളഞ്ഞല്ലോ
ഇനി ഞാൻ എന്തുചെയ്യും! തനിമരമായി ദുഃഖിക്കുന്നു
സന്തോഷമുള്ള അവൾ എന്റെ ജീവിതത്തിൽ ചുമടുതാങ്ങിയായി നിന്നല്ലോ
ക്ഷീണിച്ച എന്നെ വിട്ടു മറയും വരെ ഞാൻ അറിഞ്ഞില്ലല്ലോ
ഇംഗിതം, ക്ഷമ, മുഖസന്തോഷം...അടട, എത്രയെത്ര
ഇത്രയും നല്ല ഗുണങ്ങളാൽ എന്റെ ജീവിതം പുഷ്ടിപ്പെടാൻ സഹായിച്ചല്ലോ
ഈ കാനനയാത്ര തന്റെ ചെറിയ ചെറിയ പ്രവൃത്തികളാൽ....എനിക്കു
ഫലമുള്ളതാക്കി തന്നല്ലോ! പാതകൻ ഞാൻ....അറിയാതെ പോയല്ലോ

(നിങ്ങൾ നിങ്ങളുടെ ഭാര്യ മരിക്കുന്നതുവരെ കാത്തിരിക്കണമോ? വേണ്ട ഇന്നു തന്നെ അവരെ നന്ദിയോടെ പ്രശംസിക്കുക. ഇന്നുതന്നെ ഭാര്യയ്ക്കു സഹായഹസ്തം നീട്ടുക).

## വാഴ്ത്തുന്നു
## ഡൽഹി ഇലക്ഷനിൽ ഉണ്ടായ പൂർണ്ണ വിജയം

ഡൽഹി ഇലക്ഷനിൽ പൂർണ്ണ മെജോറിറ്റിയോട് ആരും പ്രതീക്ഷിക്കാത്ത വിധത്തിൽ ഡൽഹി ജനങ്ങൾ ശ്രീ. കെജ്രിവാൾ അവർകളെ ജയിപ്പിച്ച് ശ്രീ.മോദി അവർകൾക്കും ബി.ജെ.പി ഗവൺമെന്റ് ഭരണനേതാക്കൾക്കും 'ഷോക്ക് ട്രീറ്റ്മെന്റ്' കൊടുത്തിരിക്കുന്നു. ജയിച്ച ശ്രീ.കെജ്രിവാൾ (ആം ആദ്മി പാർട്ടി) അവർകളെക്കാൾ അദ്ദേഹത്തെ ജയിപ്പിച്ച എല്ലാ ഡൽഹി ജനങ്ങൾക്കും ജാമക്കാരൻ ആശംസകൾ അറിയിക്കുന്നു. ഇത് വഴി യായി പാഠം പഠിക്കേണ്ടവർ പാഠം പഠിച്ചാൽ നന്നായിരിക്കും.

### പ്രധാനമന്ത്രി അവർകൾ വായ് തുറന്നു സംസാരിച്ചു

അമേരിക്കൻ പ്രസിഡന്റ് ഒബാമയുടെ പ്രസംഗം കേട്ടശേഷം പ്രധാനമന്ത്രിയും, ബി.ജെ.പി പാർട്ടിക്കാരും ഞെട്ടിപ്പോയി. തലസ്ഥാനത്തിൽ ബി.ജെ.പി പാർട്ടി തോറ്റു. മിസ്റ്റർ കെജ്രിവാൾ അവർകളുടെ ആം ആദ്മി പാർട്ടി പൂർണ്ണ majority യോടെ ജയിച്ചശേഷം ഇന്ത്യയിലെ ജനങ്ങൾ ബി.ജെ.പി ഗവൺമെന്റിനെക്കുറിച്ച് 'മതകലഹം' ഉണ്ടാകുമോ എന്നുള്ള ഭയത്തെ ഇലക്ഷൻ reflect ചെയ്തു. ഇതു മനസ്സിലാക്കിയതിനുശേഷം ശ്രീ മോദി അവർകൾ മതമാറ്റ പ്രശ്നങ്ങൾ ഇന്ത്യയിൽ ഞാൻ അനുവദിക്കുന്നില്ല എന്ന് അറിയിച്ചു. പക്ഷേ ഈ ആലോചന അദ്ദേഹത്തിന്റെ പാർട്ടിക്കാരോട് അറിയിച്ചിരുന്നാൽ വളരെ പ്രയോജനമായിരിക്കും. വിശ്വാസികളായ നാം തുടർന്ന പ്രാർത്ഥിക്കാം.

**MARCH 2015**

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.